

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മരട് മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(എം.1)64/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/03/2026
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തിരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
3.ഡയറക്ടർ, എൽ.എസ്.ജി.ഡി(അർബൻ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(എം.1)64/2026 തീയ്യതി: 17/03/2026

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സിനി എം വി	ജോയിന്റ് ഡയറക്ടർ	12-01-2026	28-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-01-2026	28-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ജോമോൾ എം ജോണി, ഓഡിറ്റ് ഓഫീസർ
ഷൈനി പി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കവിത എസ്.കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സഫിയ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ടോണി ജോൺ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആന്റണി ആശാംപറമ്പിൽ	ചെയർമാൻ	01-04-2024	31-03-2025
ശ്രീ.നാസ്സിം ഇ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിജു എം. കെ	മുനിസിപ്പൽ എൻജിനീയർ	01-04-2024	11-09-2024
ശ്രീമതി ശശികല പി ആർ	മുനിസിപ്പൽ എൻജിനീയർ	12-09-2024	31-03-2025
ശ്രീ. അക്ഷയ് എ കുമാർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. അഞ്ജലി ഭദ്ര	കൃഷി ഓഫീസർ	01-04-2024	12-11-2024
ശ്രീമതി. ചാന്ദ്നി പി ബി	കൃഷി ഓഫീസർ	13-11-2024	31-03-2025
ശ്രീമതി. ഫെമിത വി. കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ. നമിത കെ. ആർ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ. വിനിത് എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ഡോ. ശ്രീകുമാരി ബി. എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നെട്ടൂർ	01-04-2024	31-03-2025
ഡോ. സൗമ്യ എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വളന്തക്കാട്	01-04-2024	31-03-2025
ശ്രീമതി. പ്രസന്ന കമ്മത്ത് പി	ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, മാങ്കായിൽ	01-04-2024	30-09-2024
ശ്രീമതി ഷിജി പോൾ കെ	ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്, മാങ്കായിൽ	01-10-2024	31-03-2025
ശ്രീമതി. സീമ റ്റി. കെ	ഹെഡ്മിസ്ട്രസ്സ്, ജി.എച്ച്.എസ്, മാങ്കായിൽ	01-04-2024	19-06-2024
ശ്രീമതി ലക്ഷ്മി എം പണിക്കർ	ഹെഡ്മിസ്ട്രസ്സ്, ജി.എച്ച്.എസ്, മാങ്കായിൽ	20-06-2024	16-10-2024
ശ്രീമതി രജനി ഒ	ഹെഡ്മിസ്ട്രസ്സ്, ജി.എച്ച്.എസ്, മാങ്കായിൽ	17-10-2024	31-03-2025
ശ്രീ. രാജേഷ് കെ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-07-2024
ശ്രീമതി പാർവതി പ്രസാദ് കെ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-08-2024	31-03-2025
ഡോ. റോഷിനി മോസസ്	വെറ്റിനറി സർജൻ	01-04-2024	10-03-2025
ഡോ വിജയ് വിജയകുമാർ	വെറ്റിനറി സർജൻ	11-03-2025	31-03-2025
ശ്രീ.ജേക്കബ്ബ്സൺ പി. ഐ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ	01-04-2024	31-03-2025
ശ്രീ പ്രേംചന്ദ് പി ആർ	ക്ലീൻ സിറ്റി മാനേജർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കുകളിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവ് രേഖപ്പെടുത്തി	1-1-2
4	വിവിധ ഗ്രാന്റുകൾ- ചെലവ് ഇക എ.എഫ്.എസും സൂക്ഷ്മ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.	1-1-3
5	സി.എഫ്.സി. ഗ്രാന്റ് - അക്കൗണ്ടിങ്ങിലെ അപാകത	1-1-4
6	വരവ് ഇക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.	1-1-5
7	സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-6
8	ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള 12,39,595/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-7
9	Unauthorised Debt ഇനത്തിൽ ഉൾപ്പെടുത്തിയ ഇകകൾ യഥാവിധി ക്രമീകരിക്കേണ്ടതാണ്.	1-1-8
10	പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.	1-1-9
11	മെഡിസെപ്പ്-വാർഷിക പത്രികയിലെ കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	റവന്യൂ കടിശ്ശിക 2.70 കോടി രൂപ പിരിച്ചെടുത്തില്ല	1-10
21	ടെലികമ്മ്യൂണിക്കേഷൻ പോളുകളുടെ വാടക കടിശ്ശിക-പിഴപലിശയിനത്തിൽ 1,25,698/- രൂപ ഈടാക്കിയില്ല	1-11
22	IFTE&OS ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല	1-12
23	IFTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല	1-13
24	കെ-സ്മാർട്ട് ഓഡിറ്റർ ലോഗിൻ പരിമിതികൾ സംബന്ധിച്ച്	1-14
25	വിനോദ നികുതി ഇക ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.	1-15
26	മരങ്ങൾ ലേലം ചെയ്ത നൽകി തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്	1-16
27	സ്റ്റേയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ ഇകകൾ-തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.	1-17
28	മുൻവർഷങ്ങളിൽ അനുവദിച്ച മുൻകൂറുകൾ - 4.8 ലക്ഷം രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.	1-18
29	ഓഡിറ്റ് വർഷം അനുവദിച്ച മുൻകൂറുകൾ-61000/-രൂപ ക്രമീകരിച്ചിട്ടില്ല- ചെലവ് തടസപ്പെട്ടുത്തുന്നു	1-18-1
30	വികസന ഫണ്ട് പൊതുവിഭാഗം അലോക്കേഷൻ -₹3,50,940 നഗരസഭക്ക് നഷ്ടപ്പെട്ടു.	1-19
31	ഫെസ്റ്റിവൽ അഡ്വാൻസ് ഈടാക്കുവാൻ അവശേഷിക്കുന്നു.	1-20
32	മരണപ്പെട്ടവർക്ക് തുടർന്നും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്തു	1-21
33	ഫ്ലോട്ടിംഗ് ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - ഇക നൽകിയതിലെ അപാകത	1-22

34	സ്കൂൾ കെട്ടിടങ്ങൾ അടിയന്തിരമായി പുനർനിർമ്മിക്കേണ്ടതാണ്.	1-23
35	പൊളുടാപ്പകളുടെ വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്	1-24
36	സാമൂഹ്യ സുരക്ഷ മിഷനിലേക്ക് ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-25
37	ഐ.കെ.എം വിഹിതം അടയ്ക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് - 204183/- രൂപ തടസ്സപ്പെടുത്തുന്നു.	1-26
38	വളന്തകാട് ദ്വീപിലേക്ക് കുടിവെള്ള വിതരണം-പൂർത്തീകരിച്ചിട്ടില്ല - 16,40,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-27
39	മരുന്ന് പൂർണമായി ലഭ്യമായില്ല - 14,65,795/- രൂപ തടസ്സപ്പെടുത്തുന്നു.	1-28
40	പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം-പ്രവൃത്തി പൂർണ്ണമായും ചെയ്തിട്ടില്ല	1-29
41	സോയിൽ ടെസ്റ്റ് ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല - 1,16,899/- രൂപ തടസ്സപ്പെടുത്തുന്നു.	1-30
42	എ.പി.ജെ.അബ്ദുൾകലാം പാർക്ക് പൂർത്തീകരണം-ഉടർപരിപാലനം തൃപ്തികരമല്ല	1-31
43	എം.ബുക്കിൽ ചേർത്തിരിക്കും പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും ചെയ്തിട്ടില്ല	1-32
44	എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - സ്ഥാപിച്ചതിന്റെ വിവരങ്ങൾ അപൂർണ്ണം - 1846936/- രൂപ തടസ്സപ്പെടുത്തുന്നു.	1-33
45	പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പ്രോജക്ട് ചെലവിന്റെ ഭാഗമാക്കേണ്ടതാണ്.	1-34
46	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹2,29,966/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-35
47	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-36
48	സർവീസ് പെൻഷൻ വിതരണം-അവലോകനം	1-37
49	റഗുലർ പെൻഷൻ	1-37-1
50	കണ്ടിജന്റ് പെൻഷൻ	1-37-2

ഭാഗം **2**

--- No Records Found ---

ഭാഗം **3**

1	പ്രവൃത്തികൾ പൂർണ്ണമായും ചെയ്യാതെ തുക നൽകിയത് - അധിക ചെലവ് 5600/-	3-1
2	പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് - അധിക ചെലവ് - 13496/-.	3-2

ഭാഗം **4**

1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/ വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം	

ഭാഗം -I

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **മരട്** മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **30.11.2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മരട്** മുനിസിപ്പാലിറ്റിയുടെ **2024-25** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 17.03.2026

ജോയിന്റ് ഡയറക്ടർ

1-1-1 വാർഷിക കണക്കുകളിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ, കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ)പ്രകാരമുള്ള നോട്ട്സ് ടു അക്കൌണ്ട്, ചട്ടം 58(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധന ചെലവ് രേഖപ്പെടുത്തി

മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് ഇത വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ നഗരസഭയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹98,92,260 രൂപയിൽ ₹24,25,289 രൂപയും ക്യാപിറ്റൽ കോൺടിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രജിസ്റ്റർ രേഖകൾ ലഭ്യമല്ല.

1-1-3 വിവിധ ഗ്രാന്റുകൾ- ചെലവ് ഇക എ.എഫ്.എസും സൂലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

നഗരസഭയുടെ ഗ്രാന്റ് വിനിയോഗം സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വാർഷിക പദ്ധതി ചെലവും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല (എൻക്വയറി നം-31/20.01.2026) വിശദവിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വാർഷിക പദ്ധതി (സൂലേഖ) പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I.6 Schedule+capital Contribution)	വ്യത്യാസം
വികസന ഫണ്ട് - ജനറൽ	₹3,40,68,171	₹3,47,36,110 (3,37,74,714+961396)	₹6,67,939
വികസന ഫണ്ട് - എസ്.സി.പി.	₹1,06,54,641	₹1,21,59,893 (1,14,59,893+7,00,000)	₹15,05,252
ഹെൽത്ത് ഗ്രാന്റ് (വെൽനെസ്)	₹21,34,621	₹20,10,523	₹1,24,098

മേൽ പൊരുത്തക്കേടിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം. 31/20.01.26) വിവിധ നിർവഹണോദ്യോഗസ്ഥർ തയ്യാറാക്കിയ റിക്വിസിഷൻ അലോട്ട്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മുമ്പ് എ.സി.ആറിൽ ചെലവായി വന്നുവെന്നും അലോട്ട്മെന്റ് ലഭ്യമാകാതിരുന്ന സാഹചര്യം ഉണ്ടായപ്പോൾ സെക്രട്ടറി ആയത് അപ്രൂവ് ചെയ്തിരുന്നില്ലായെന്നും എന്നാൽ അതനുസരിച്ച് സാംഖ്യ വെബിൽ, മേൽ റിക്വിസിഷൻ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർ ക്യാൻസൽ ചെയ്യാതിരുന്നതിനാലും ആണ് സൂലേഖയിൽ പൊരുത്തക്കേട് വന്നതെന്നും മറുപടി നൽകി. നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ഇടർ വർഷങ്ങളിൽ ഇത്തരം അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

1-1-4 സി.എഫ്.സി. ഗ്രാന്റ് - അക്കൗണ്ടിങ്ങിലെ അപാകത

ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു (എൻക്വയറി നം-6/16.01.26)

1)സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വാർഷിക പദ്ധതി ചെലവും വാർഷിക ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വാർഷിക പദ്ധതി (സൂചിക) പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് - (ടൈഡ് ഗ്രാന്റ് + അൺടൈഡ് ഗ്രാന്റ്) (I.6 Schedule)	വ്യത്യാസം
₹2,02,36,301	₹1,34,83,531	₹67,52,770

2)ബാലൻസ് ഷെഡ്യൂളുകളിലെ നീക്കിയിരിപ്പിൽ വ്യത്യാസം

2024-25 വാർഷിക ധനകാര്യപത്രികയിലെ ബി.17 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഗ്രാന്റിന്റെ ബാങ്ക് ബുക്കിലെനീക്കിയിരുപ്പ് ₹5,34,088/-യും എന്നാൽ ബി.4 ഷെഡ്യൂൾ പ്രകാരം ഗ്രാന്റ് നീക്കിയിരുപ്പ് (ഹെഡ് കോഡ്-3201004, 3201005) ₹73,05,089/- യുമാണ്. നീക്കിയിരുപ്പിലെ വ്യത്യാസത്തിന് വിശദീകരണം നൽകിയില്ല.

3)അലോട്ട്മെന്റ് അനുസരിച്ചുള്ള വരവ് തുക പൂർണമായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജി.ഒ(ആർ.റ്റി)2075/25/Fin, Dated-24.03.2025 പ്രകാരം ബേസിക് ഗ്രാന്റിനത്തിൽ അനുവദിച്ച 10,277/-രൂപ ബാങ്കിൽ വരവ് രേഖപ്പെടുത്തുകയോ വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4)ഗ്രാന്റ് നീക്കിയിരിപ്പ് കൃത്യമാക്കിയിട്ടില്ല

ഗ്രാന്റിന്റെ വാർഷികകണക്കനുസരിച്ചുള്ള മുന്നിരിപ്പ്, വരവ് ചെലവ് തുകകൾക്ക് ആനുപാതികമായ നീക്കിയിരിപ്പല്ല 2023-24 വർഷത്തെ ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയത് എന്നതിനാൽ നീക്കിയിരിപ്പ് തുക കൃത്യമാക്കണമെന്ന് 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-1-15-5) നിർദ്ദേശിച്ചിരുന്നു. എന്നാൽ നീക്കിയിരിപ്പ് ക്രമപ്പെടുത്താതെയാണ് 2024-25 വർഷത്തെ കണക്കുകൾ തയ്യാറാക്കിയത് എന്നതിനാൽ മുൻവർഷത്തെ നീക്കിയിരുപ്പ് കൃത്യമാക്കി, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഗ്രാന്റിന്റെ വരവ്-ചെലവ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് മറുപടി നൽകിയില്ല.
മേൽ പരാമർശങ്ങളിൽ ക്രമ നമ്പർ-1 ന് ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.
വിവിധ നിർവഹണോദ്യോഗസ്ഥർ തയ്യാറാക്കിയ റിക്വിസിഷൻ അലോട്ട്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മുമ്പ് എ.സി.ആറിൽ ചെലവായി വങ്കയും എന്നാൽ അലോട്ട്മെന്റ് ലഭ്യമാകാതിരുന്നപ്പോൾ സാംഖ്യ വെബിൽ റിക്വിസിഷൻ ക്യാൻസൽ ചെയ്യാതിരുന്നതിനാലാണ് സൂചികയിൽ പൊരുത്തക്കേട് വന്നതെന്നും വിശദീകരിച്ചു. ഇടർ വർഷങ്ങളിൽ ഇത്തരം അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ മറുപടി അംഗീകരിക്കുന്നു.
അവശേഷിക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാന്റ് നീക്കിയിരുപ്പ് തുക കൃത്യമാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-1-5 വരവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

പി.പി.ആർ ആക്ട് പ്രകാരം ലഭ്യമായ ലൈസൻസ് ഫീസ് തുക (₹21,760) 1401003- License Fee Under PPR Act എന്ന ഹെഡിൽ വരവ് വെയ്ക്കുന്നതിന് പകരം Grant For Festivals എന്ന ഹെഡിൽ (കോഡ്-1601040) തെറ്റായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-1-6 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച വരവ് ചെലവു കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള 12,39,595/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ (B-4) Other Grants Contributions For

Specific Purpose എന്ന ഹെഡിൽ (ഹെഡ് കോഡ്-3208099) 19,39,595/- രൂപയാണ് തൻവർഷത്തെ ആകെ ബാധ്യതയായി കാണിച്ചിട്ടുള്ളത്. ലെഡ്ജർ പരിശോധിച്ചതിൽ ഈ ഹെഡിലെ മുന്നിരിപ്പ് 7,00,000/- രൂപയും തൻവർഷത്തെ ബാധ്യത 12,39,595/- രൂപയുമാണ്. 12,39,595/- രൂപ എറണാകുളം ജില്ല പ്രോഗ്രാം മാനേജർ മുഖേന ലഭ്യമായതാണ്. RMSA ഫണ്ടായ 2,50,000/- രൂപയും ആയുഷ് ഫണ്ടായ 4,50,000/-രൂപയും ചേർന്നതാണ് മേൽ ഹെഡിന്റെ മുന്നിരിപ്പ് തുക. 12,39,595/- രൂപയുടെ കെ.സ്മാർട്ട് രസീത് പ്രകാരമുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	തുക	രസീത് നം, തീയതി
1	1,74,435	R-M071100/25012574, 31.03.2025
2	4,11,101	R-M071100/25011783, 31.03.2025
3	6,54,059	R-M071100/25012575, 31.03.2025
ആകെ	12,39,595	

മേൽ തുക ഏതിനത്തിൽ ലഭ്യമായതാണെന്ന് അറിയിക്കണമെന്നാവശ്യപ്പെട്ടുള്ള എൻകയറിക്ക് (നം-12/18.01.2026) മറുപടിയായി ആയത് IDIGI PAY എന്ന രീതിയിൽ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് വരവ് വന്നതാണെന്നും തുക സംബന്ധിച്ച് ബാങ്കിൽ അന്വേഷിച്ചതിന് കൃത്യമായ മറുപടി ലഭ്യമായിട്ടില്ലായെന്നും അറിയിച്ചു. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിന്റെ (നം-PNB 7476001100000011) ബാങ്ക് പാസ് ബുക്കുകൾ പരിശോധിച്ചതിൽ മേൽ തുക വരവ് വന്നതായി രേഖപ്പെടുത്തി കാണുന്നില്ല. സാമ്പത്തിക വർഷവസാനം നഗരസഭ ഫണ്ടിൽ ക്രെഡിറ്റായതായി രേഖപ്പെടുത്തിയിട്ടുള്ള 12.39 ലക്ഷം രൂപ ഏത് അക്കൗണ്ടിൽ വരവ് വച്ചു എന്നതിന് ഒരു വർഷം പിന്നിട്ടിട്ടും വ്യക്തമായ മറുപടി നൽകാൻ കഴിയാത്തത് അക്കൗണ്ടിംഗിലെ പിഴവിനെയാണ് സൂചിപ്പിക്കുന്നത്. മേൽ തുക നഗരസഭയുടെ ഏത് ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചു എന്നത് അന്വേഷണവിധേയമാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിഷയം കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-1-8 Unauthorised Debt ഇനത്തിൽ ഉൾപ്പെടുത്തിയ തുകകൾ യഥാവിധി ക്രമീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ Loans, Advances, Deposits ഹെഡിൽ (കോഡ്-4605009) Unauthorised Debt എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുള്ള 72,714/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് (എൻകയറി നം-12/18.01.26) ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു.

72714/-രൂപയിൽ 34687/-രൂപ ചെക്ക് റിട്ടേൺ ആയി കണക്കാക്കിയതും 31705/-രൂപ ചെക്ക് സ്വീകരിച്ചതിലെ അപാകത മൂലമുള്ളതും ബാക്കി തുക സ്വൈപ്പിംഗ് മെഷീൻ വഴി തുക സ്വീകരിച്ചതിൽ വന്ന കുറവും ആണെന്നാണ് അറിയിച്ചത്.

34687/-രൂപയുടെ 136416- ാം നമ്പർ ചെക്ക് 25.09.2024 ലാണ് ക്യാഷ് കൗണ്ടറിൽ ലഭിച്ചത്. ആയത് റസീപ്റ്റ് ചെയ്ത് പഞ്ചാബ് നാഷണൽ ബാങ്കിലുള്ള നഗരസഭയുടെ തനത് ഫണ്ടിൽ വരവ് വെയ്ക്കുന്നതിനായി ബാങ്കിൽ നൽകിയിരുന്നുവെങ്കിലും തുക ബാങ്കിൽ ക്രെഡിറ്റായിട്ടില്ലാത്തതും ബാങ്കിൽ നിന്നും ചെക്ക് തിരികെ ലഭിച്ചിട്ടില്ലാത്തതുമാണ്. മരട് ഗ്രിഗോറിയൻ പബ്ലിക് സ്കൂളിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് U/A കെട്ടിടങ്ങളുടെ 2019-20 മുതൽ 2024-25 വരെയുള്ള കാലയളവിലെ പിഴപ്പലിശ ഒഴിവാക്കിയുള്ള വസ്തുനികുതി തുകയായ 1,42,184/-രൂപ 001054 ാം നമ്പർ ചെക്ക് പ്രകാരം 12.09.24 ൽ അടവാക്കിയിരുന്നത് കെ-സ്മാർട്ടിൽ റസീപ്റ്റ് ചെയ്യുമ്പോൾ പിഴ തുക കൂടി ഉൾപ്പെട്ട 1,73,889/-രൂപയ്ക്ക് റസീപ്റ്റ് ഓട്ടോമാറ്റിക് ആയി ജനറേറ്റ് ആകുകയും 31705/-രൂപയുടെ വ്യത്യാസം റസീപ്റ്റിൽ ഉണ്ടാകുകയും ചെയ്തു.

ക്യാഷ് കൗണ്ടറിൽ അനുവദിച്ചിട്ടുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ കാർഡ് സ്വൈപ്പിംഗ് മഷീന്റെ കീപാഡ് തകരാറിലാകുകയും കാർഡ് മുഖേന ലഭ്യമാകേണ്ട തുക എൻട്രി ചെയ്യുന്നതിൽ വ്യത്യാസം

വരുകയും ചെയ്ത സാഹചര്യത്തിലാണ് 6322/-രൂപയുടെ കുറവുണ്ടായത്. ഈ തുക 28/01/26 ൽ തനത് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം തുടർനടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

എ) പഞ്ചാബ് നാഷണൽ ബാങ്കിൽ നൽകിയ 34687/-രൂപയുടെ 136416 ാം നമ്പർ ചെക്കിന്റെ നിജസ്ഥിതി ബാങ്കുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്. ചെക്ക് ബൗൺസ് ആയ പക്ഷം ആയത് തിരികെ വാങ്ങി തനത് ഫണ്ട് അക്കൗണ്ടിന്റെ റീകൺസൈൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും തുക ബന്ധപ്പെട്ട വരവിനത്തിലെ കടിശ്ശികയായി കാണിക്കേണ്ടതുമാണ്.

ബി) കെ-സ്മാർട്ടിൽ റസീപ്റ്റ് ചെയ്യുമ്പോൾ പിഴപ്പലിശ ഉൾപ്പെടെ ജനറേറ്റ് ചെയ്ത അധിക തുകയായ 31705/-രൂപ വരവായി കാണിച്ചതിലെ അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

സി) വരവ് ചെയ്തതിൽ കുറവ് വന്ന 6322/-രൂപ തിരികെ അടവാക്കിയതിനാൽ, ആയത് പ്രസ്തുത ഹെഡിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.

1-1-9 പണമാക്കാത്ത ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.

നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടിന്റെ കെ.സ്മാർട്ട് പ്രകാരമുള്ള റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ പണമാക്കാത്ത ചെക്കുകളുടേയും കളക്ഷൻ ആകാത്ത ചെക്കുകളുടേയും വിശദവിവരം ലഭ്യമല്ല. അക്കൌണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

അക്കൌണ്ട് നം.	ബാങ്ക് ബുക്ക് ബാലൻസ്	(+) പണമാക്കാത്ത ചെക്കുകൾ	(+) ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക	(-) കളക്ഷൻ വരാത്ത ചെക്കുകൾ	(-) ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക	പാസ്സ് ബുക്ക് ബാലൻസ്
PNB Own Fund 7476001100000011	19,64,55,528	**63,11,668**	15,90,627	22,87,593	15,90,981	20,04,79,249

പണമാക്കാത്ത ചെക്കുകളുടെ നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-10 മെഡിസെപ്-വാർഷിക പത്രികയിലെ കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

ക്യാഷ് ബുക്കും ഓഡിറ്റിന് സമർപ്പിച്ച സ്റ്റേറ്റ്മെന്റും പ്രകാരം മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഓഡിറ്റ് വർഷം ആകെ 1,78,000/-രൂപയാണ് ജീവനക്കാരിൽ നിന്നും ഈടാക്കിയത്. ഇതിൽ 1,40,000/-രൂപ തൻവർഷവും 38,000/-രൂപ 2025 മെയ് മാസവും അടവാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക 185000/- രൂപ എന്നും അടവാക്കുവാനുള്ളത് 50,500/-രൂപ എന്നുമാണ് (കോഡ്-3502022) രേഖപ്പെടുത്തിയിട്ടുള്ളത്. പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

1-2 ബജറ്റ്

നഗരസഭയുടെ ഓഡിറ്റ് വർഷത്തെ ബജറ്റ് 08.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 13.03.2025 ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

	08.02.2024 ലെ (1)-ാം നമ്പർ തീരുമാന പ്രകാരം	13.03.2025 ലെ 1(1)-ാം നമ്പർ

		തിരുമാന പ്രകാരം
മുന്നിരിപ്പ് ഉൾപ്പടെയുള്ള വരവ്	96,54,74,889.00	81,84,24,481.00
ചെലവ്	94,55,31,350.00	78,66,09,428.00
നീക്കിയിരിപ്പ്	1,99,43,539.00	3,18,15,053.00

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹26,62,68,587.22
വരവ്	₹27,94,69,454.00
ആകെ	₹54,57,38,041.22
ചെലവ്	₹20,98,34,620.00
നീക്കിയിരിപ്പ്	₹33,59,03,421.22

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ചെലവഴിക്കാതെ ലാപ്സായ തുക(₹)
വികസനഫണ്ട്-പൊതുവിഭാഗം	0	35094000	35094000	34736110	0	357890
വികസനഫണ്ട്-എസ്.സി.പി.	0	13922100	13922100	12159893	0	1762207
വികസനഫണ്ട്-ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് – റോഡ്	0	5442000	5442000	2309865	0	3132135
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	12123990	12123990	9892260	0	2231730
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) **	2579448	-	-	-	534088	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) **						
പൊതുമരാമത്ത് ഗ്രാന്റ് 3201001	6538456	3437067	9975523	2010523	7965000	
പൊതുമരാമത്ത് ഗ്രാന്റ് 3201002	3282879	91207 (പലിശ)	3374086	0	3374086	
കേന്ദ്ര സർക്കാർ ഗ്രാന്റ് (SNP) 3201050	11959656	1529201	13488857	2795497	10693360	
മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (3208099)	700000	1239595	1939595	0	1939595	
പ്രളയദുരിതാശ്വാസ ഫണ്ട് (3202024)	0	0	200000	0	200000	

പി.എം.എ.വൈ 3201011	602714	10401042	11003756	10167390	836366
എസ്.ബി.എം ഫണ്ട് (3201029)	0	3236885	3236885	3236885	0
എസ്.ബി.എം IEC (3201030)	0	355927	355927	355927	0
അമൃത് (3201037)	0	2601644	2601644	2601644	0
അമൃത് മിഷൻ		444465	444465	444465	
എൻ.യു.എൽ.എം (3201040)	0	447712	447712	447712	0
KSWMP	0	513970	513970	513970	0

എ) വികസനഫണ്ട് പൊതുവിഭാഗം*

ഉത്ഭവത്തിൽ കുറവ് ചെയ്ത ₹32,62,467/-രൂപ (ലൈഫ് വായ്പ-14,66,667/-, അങ്കണവാടി ജീവനക്കാരുടെ വേതനം-17,95,800/-) ആകെ വരവിൽ ഉൾപ്പെടുന്നു. ചെലവ്- (3,37,74,714- l6 +9,61,396 -Cc) = 34736110/-

ബി)വികസനഫണ്ട് എസ്.സി.പി*

ഉത്ഭവത്തിൽ കുറവ് ചെയ്ത ₹93,333/-രൂപ (ലൈഫ് വായ്പ) ആകെ വരവിൽ ഉൾപ്പെടുന്നു.

ചെലവ്- (1,14,59,893- l6 + 7,00 000 -Cc) = 12159893/-

സി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied, Untied)**

ചെലവ് ഇനങ്ങളിലെ വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല. നീക്കിയിരിപ്പ് ഇന ബി-4ഷെഡ്യൂളിലും RP ഷെഡ്യൂളിലും വ്യത്യാസപ്പെട്ടാണുള്ളത്. 24.03.2025 ൽ ബേസിക് ഗ്രാന്റിനത്തിൽ അലോട്ട് ചെയ്ത 10,277/-രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി വരവ് ചെലവ് ഇനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് (ഓഡിറ്റ് എൻക്വയറി നം-6/16.01.26) ഇനങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-1-4 കാണുക.

ഡി)മെയിന്റനൻസ് ഫണ്ട് നോൺ റോഡ്-: ആകെ ചെലവിൽ (7466971 + 2425289 = 9892260) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (24,25,289/-) ഉൾപ്പെടുന്നു.

ഇ)പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (കേന്ദ്ര ഗവൺമെന്റ്) -: മുൻവർഷത്തെ നീക്കിയിരുപ്പിൽ ഉൾപ്പെട്ടിരുന്ന PMAY ഗ്രാന്റ് (602714/-) പ്രത്യേക ഹെഡിലേയ്ക്ക് മാറ്റിയതിനാൽ ടി ഇന കുറച്ചാണ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ മുന്നിരിപ്പ് കണക്കാക്കിയിരിക്കുന്നത്. സ്പെഷ്യൽ ഗ്രാന്റ്സ് എന്ന ഹെഡിലാണ് ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എഫ്) എൻ.യു.എൽ.എം-: അദർ റവന്യൂ ഗ്രാന്റ് ഹെഡിലാണ് ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ജി) അമൃത് മിഷൻ ഗ്രാന്റ്-: കട്ടംബശ്രീക്ക് അനുവദിക്കുന്ന ഫണ്ട് ആകയാൽ Poverty Alleviation Fund (Code – 3111001) വരവ് രേഖപ്പെടുത്തുകയും 2502001 – Poverty Eradication Program ഹെഡിൽ ചെലവ് കാണിക്കുകയും ചെയ്തിട്ടുണ്ട്.

എച്ച്) മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്-: 320809900 നമ്പർ ഹെഡിൽ മുൻവർഷം നീക്കിയിരുപ്പായുണ്ടായിരുന്ന 250000/-രൂപയും (RMSA) ആയുഷിൽ നിന്നും ലഭിച്ച 450000/-രൂപയും ചേർന്നതാണ് മുന്നിരിപ്പ് ഇന.

ഐ) ഹെൽത്ത് ഗ്രാന്റ് (3201001)- വരവ് ഇനത്തിൽ 1,76,067/-രൂപ പലിശയും ഉൾപ്പെടുന്നു.

ജെ) വികസനഫണ്ട് ജനറൽ, എസ്.സി.പി, ഹെൽത്ത് ഗ്രാന്റ് (3201001) എന്നീ ഗ്രാന്റുകളുടെ ചെലവ് ഇന സൂലേഖ പത്രികയിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണം നൽകിയത് ഖണ്ഡിക 1-1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	പൂർത്തീകരിച്ചത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
438	318808913	232	120050100	143	89	206	32.6%

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
ഭരണചെലവ്	4030	9712810	9716840	9714108	2732
ഗുണഭോക്താക്കൾക്ക് നല്കിയത്	0	2782812	2782812	2782812	0
ആകെ	4030	12495622	12499652	12496920	2732

1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	13,79,200	76
വിധവ പെൻഷൻ	2,01,01,800	1314
വാർദ്ധക്യകാല പെൻഷൻ	5,26,99,200	3664
വികലാംഗ പെൻഷൻ	44,52,600	273
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	12,23,800	79
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	0	0
മിശ്രവിവാഹിതർക്കുള്ള ധനസഹായം	0	0

നഗരസഭയുടെ 2024-25 വാർഷിക ധനകാര്യപത്രികയിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച വരവ് ചെലവു കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഡി.ബി.റ്റി.രേഖകൾ പ്രകാരം നഗരസഭയിൽ വിതരണം ചെയ്തിട്ടുള്ള തുകകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2026 തീയതിയിൽ ഉച്ചയ്ക്ക് 2.30 സമയത്ത് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹8,746/- ന്റെ കുത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ കാര്യക്ഷമമല്ല.

നഗരസഭയുടെ 1980-81 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ

അവശേഷിക്കുന്നത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2)ഇൻകൃമ്പൻസി രജിസ്റ്റർ- സ്ഥാപനത്തിൽ ജീവനക്കാരുടെ പേര്, തസ്തിക, വിലാസം എന്നിവ രേഖപ്പെടുത്തുന്ന ഇൻകൃമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

3)ഓഡിറ്റ് റിക്കവറി രജിസ്റ്റർ- ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ അടവാക്കുന്ന റിക്കവറി തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി (തുക, അടവാക്കിയ വ്യക്തിയുടെ പേര്, ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ എന്ന വിവരങ്ങൾ) രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4)തനത് ഫണ്ടിൽ നിന്നും പല ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് അനുവദിച്ച മുൻകൂർ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ ചട്ടം പാലിച്ചുകാണുന്നില്ല.

5)വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പ്രോജക്ട് ചെലവിന്റെ ഭാഗമാക്കേണ്ടതും സൂലേഖ ചെലവ് പത്രികയിൽ തുക കൃത്യമായി ഉൾപ്പെടുന്നു എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

6)വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സുകൾ കാലതാമസം വരുത്താതെ സകർമ്മയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

7)വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് നൽകേണ്ടതുമാണ്.

1-10 റവന്യൂ കുടിശ്ശിക 2.70 കോടി രൂപ പിരിച്ചെടുത്തില്ല

മുനിസിപ്പാലിറ്റി ഓഡിറ്റിനായി സമർപ്പിച്ച 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം നികുതി- നികുതിയേതര ഇനത്തിൽ 2.70 കോടി രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹)
4311001	വസ്തുനികുതി (തൻവർഷം)	1,90,55,308
4311002	വസ്തുനികുതി (മുൻവർഷം)	8,96,523
4312003	സർവീസ് സെസ്സ് (തൻവർഷം)	32,43,284
4312004	സർവീസ് സെസ്സ് (മുൻവർഷം)	46,374
4311901	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ടേഡേഴ്സ് (തൻവർഷം)	11,72,752
4311902	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ടേഡേഴ്സ് (മുൻവർഷം)	48,750
4313003	ലൈസൻസ് ഫീസ് (തൻവർഷം)	1,67,500
4313004	ലൈസൻസ് ഫീസ് (മുൻവർഷം)	22,000
4314001	കെട്ടിട വാടക (തൻവർഷം)	1,80,570
4314002	കെട്ടിട വാടക (മുൻവർഷം)	2,39,559
4315099	മറ്റുള്ളവ	19,61,866

ആകെ	2,70,34,486

ഈ കടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി. 16.01.2026) കടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാൻറ് നോട്ടീസ് വിതരണം ചെയ്യുവരുന്നു എന്നും 10,000/- രൂപയ്ക്ക് മുകളിൽ കടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ച വരുന്നു എന്നും മറുപടി നൽകി. ഇക മുഴുവൻ പിരിച്ചെടുത്ത് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 ടെലികമ്മ്യൂണിക്കേഷൻ പോളുകളുടെ വാടക കടിശ്ശിക-പിഴപലിശയിനത്തിൽ 1,25,698/- രൂപ ഈടാക്കിയില്ല

മരട് നഗരസഭ 2024-25 വർഷത്തെ ടെലികമ്മ്യൂണിക്കേഷൻ പോളുകളുടെ വാടകയിനത്തിലുള്ള പണമൊടുക്ക്, ഫയലുകൾ തുടങ്ങിയവ പരിശോധിച്ചതിൽ M/S. Jio Digital Fiber Private Limited, State Lead Row, Kochi, Kerala എന്ന സ്ഥാപനം നഗരസഭ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 1759 പോളുകളുടെ 2023-24 വർഷത്തെ വാടകയിനത്തിൽ 6,98,323/- രൂപയും ആയതിന്റെ പിഴപലിശയിനത്തിൽ 1,25,698/- രൂപയും അടവാക്കുന്നതിന് നഗരസഭ സെക്രട്ടറി 18.07.2024, 11.12.2024 തീയതികളിൽ അറിയിപ്പ് നൽകിയതായി കാണുന്നു. എന്നാൽ ടി സ്ഥാപനം 11.12.2024 തീയതിയിലെ R-M071100-24017109 നമ്പർ രശീതി പ്രകാരം 2023-24 വർഷത്തെ വാടകയിനത്തിലുള്ള 6,98,323/- രൂപ മാത്രമാണ് അടവാക്കിയത്. പിഴപലിശയിനത്തിൽ 1,25,698/- രൂപ അടവാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി. 20.01.2026) ടി വിവരം സൂചിപ്പിച്ച് 11.12.2024, 23.06.2025 തീയതികളിൽ അറിയിപ്പ് നൽകി ഇക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ് എന്ന് മറുപടി നൽകി. ഇക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 IFTE&OS ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

മരട് നഗരസഭ 2024-25 വർഷത്തെ IFTE&OS ലൈസൻസ് രജിസ്റ്റർ (K-SMART), തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ, പണമൊടുക്ക് ഇടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന 2024-25 വർഷത്തെ IFTE&OS ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ	ഡോർ നമ്പർ	സ്ഥാപനത്തിന്റെ പേരും വിലാസവും
1	3	306/B2	Eventz Elysium, Church Road, Maradu North, Maradu, .Opp To Nair Hospital, 682304
2	11	305	Azul Transports Pvt Ltd, Maradu, Maradu, Maradu, Maradu, 682304
3	26	42	Ojas Wellness Spa, Indhira Priyadarshini Road, Nettoor, Nettoor, Near Toy Park, 682040
4	16	338	Insurance Cafe, Kunadannoor - Maradu, Maradu, Maradu, Kundanoor , 682304
5	9	48	Excel Traders, Kattithara Road, Maradu, Maradu, Kattithara, 682304
6	2	159,160,161	Sancta Maria Traders , Kundannoor North, Kundannoor, Maradu, Akg Vayanasala, 682304
7	25	401/B	Chinnus Catering, P W D Road, Nettoor,

			Nettoor, Nettoor, 682040
8	23	722/A1	MTF Fruits Merchant & Commision Agent, Jubilee Road, Nettoor, Nettoor, Market, 682040
9	15	347	Real Finish, Kundanoor, Maradu, Maradu, Near E K Nayanar Hall, 682304
10	7	133/A4	Chakkalakkal C.M.S Tools, Chambakkara Kannadikadu Road, Maradu, Maradu, Near St.Thomas Church Thomaspuram, 682304
11	8	218/A	Achoos Stores, Maradu, Maradu, Maradu, Martinpuram Church, 682304
12	2	288/E7	M S P Retail Private Limited, Nh, Maradu , Maradu, .Prestige Mall, 682304
13	29	336/B2	Busy Beez, Pwd Road Nettoor, Netoor, Nettoor, Near Old Juma Masjid, 682040
14	18	613	Prime Links Global , Maradu, Maradu, Maradu, Kottaram Junction, 682304
15	21	433/A1	Common Service Centre, H S Road, Maradu, Maradu, Sndp Temple Maradu, 682304
16	26	404/B	Chilanka Place, Nh, Nettoor, Nettoor, Nettoor, 682040
17	23	607/A	Moments Bake House, Auw Market, Nettoor, Nettoor, Thodupuzha,685584, 682040
18	17	408/6	Flavor Indiaspices Private Limited , Thalassery, Kavumbhagam, Maradu, Thalassery, 682304
19	27	30/D	Leymax Infotech Private Limited, Nettoor, Nettoor, Nettoor, Nettoor, 682040
20	24	157	Wooden Delights, Nettoor, Nettoor, Nettoor, Paruthichuvadu, 682040
21	6	199	P X Mart, Thottathi Parambu Road, Maradu, Maradu, Chambakkara, 682304
22	27	156/C2	Khayath Tailors, Dhanya Junction, Dhanya Junction, Nettoor, Near Bismi, 682040
23	18	434/A,434 /B,434/C	Pallikkamalil Cinema Company Private Limited, Nh, Maradu , Maradu, Abad Nucleus Mall, 682304
24	16	111/A	Brandwell, Kundannur Nettoor Road, Kundannur, Maradu, Maradu, 682304
25	12	165	Lampor Solutions, Bic Road, Maradu, Maradu, Near Btc Junction, 682304
26	14	111/A	Emperor Enterprises, Pandavath Road, Pandvath Road, Maradu, Maradu, 682304
27	21	440	Hz Electricals, H S Road, Maradu, Maradu, Sndp Temple Maradu, 682304
28	28	184	Paint And Colours, Thanaparambu, Nettoor, Nettoor, Nettoor, 682040

29	27	39/A3	Gem Topaz, Nettoor, Nettoor, Nettoor, Nettoor, 682040
30	2	178/A	Antony Traders, Chilavannoor Road, Kundannoor, Maradu, Maradu, 682304
31	28	31/A1	Toprich Equipments, Near Railway Gate, Nettoor, Nettoor, Nettoor, 682040
32	24	62/B	Diya Dhil Collections, Nettoor, Near Old Market, Nettoor, Nettoor, 682040
33	8	96/95	Nahr Associates, Kannadi Kadu, Maradu, Maradu, Hi-Lite , 682304
34	23	488	Dc Greensangadi, Kannavath , Nettoor, Nettoor, Puthiyakavu, 682040
35	23	788/A2	Thenali Electronic Company, Shanthivanan, Nettoor, Nettoor, Nettoor, 682040
36	27	192/D1	Edspark Learning, Intuc Road, Maradu, Nettoor, Nettoor, 682040
37	3	260/A	Amulya Traders, Nh, Maradu , Maradu, Kannadikkadu, 682304
38	27	156/C3,156/C4	Nes-Med Diagnostics, Dhanya Junction, Nettoor, Nettoor, Bismi Supermarket, 682040
39	23	612	Vellyath Stores, Nh Bypass, Nettoor, Nettoor, Nettoor, 682040
40	16	145/D1	Travel Swish, Kundannoor Junction, Kundannoor , Maradu, Ej Manuel Arcade, 682304
41	20	135/A1	The C Court, H S Road, Maradu, Maradu, Maradu, 682304
42	23	718	Thanga Mayil Traders, Jubilee Road, Nettoor, Nettoor, Nettoor, 682040
43	23	679	Noor Alshifa Hind, Nettoor, Nh Byepass, Nettoor, Nettoor, 682040
44	14	390/A2	Oudh-Al-Faizan, Madhura- Dhanushkodi, Maradu, Maradu, .Kundanoor Jn, 682304
45	18	410	Larosa Foods Llp, Kochi - Madurai - Dhanushkodi Rd, Maradu, Maradu, Abad Nucleus Mall, 682304
46	17	408/E	Navin Constructions, Vakayil Road, Maradu , Maradu, Vakayil Church, 682304
47	23	464	Friends Vegetables, Nettoor, Market Road Main Gate, Nettoor, Mulakkara Building, 682040
48	23	669,670	Rikani International, Nh Bypass, Nettoor, Nettoor, Nettoor, 682040
49	2	288/E13	Skyrocket Beverages Private Limited (Squeez Juice Bars), Nh66, Kundanoor, Maradu, .Forum Mall,

			682304
50	8	394	Lap One Sports, Vijaya Nagar, Maradu , Maradu, Near Forum Mall, 682304

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തിയതി.19.01.2026) വ്യക്തമായ മറുപടി ലഭിച്ചില്ല. ടി സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തെ ബാധകമായ അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും അതത് വർഷത്തെ ബാധകമായ സ്ഥാപന തൊഴിൽനികുതി അതത് അർദ്ധവർഷങ്ങളിൽ തന്നെ ഡിമാൻറ് ചെയ്ത് ഈടാക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-13 IFTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

മരട് നഗരസഭ 2024-25 വർഷത്തെ IFTE&OS ലൈസൻസ് രജിസ്റ്റർ (K-SMART), പണമൊടുക്ക് ഇടങ്ങിയവ പരിശോധിച്ചതിൽ മുറതെ ചേർക്കുന്ന 2024-25 വർഷത്തെ IFTE&OS ലൈസൻസിനായി അപേക്ഷിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	വാർഡ് നമ്പർ	ഡോർ നമ്പർ	സ്ഥാപനത്തിൻറെ പേര്, വിലാസം	ഫീസ്
1	28	167	Noor Medicals, Intuc Junction, Nettoor, Nettoor, Intuc Junction, 682040	2500
2	28	468/4	Mangal Agencies, Opposite Best Opticals, Intuc, Nettoor, Maradu, 682040	1500
3	23	684	Autoland, Nh Bypass, Nettoor, Nettoor, Nettoor, 682040	2500
4	17	271	M M Tyres, Kundanoor , Maradu , Maradu, Maradu , 682304	500
5	26	363	Celestial Designs, Masjid Road, Nettoor, Nettoor, Nettoor, 682040	1000
6	26	343	Saral Associates, Nettoor, 682040	500
7	3	244/1	Veggies Mini Mart, Kannadikkadu Thomaspuram Road, Maradu, Maradu, Near Community Hall , 682304	500
8	8	218/1	S V Automobiles, Jaya Nagar, Maradu, Maradu, Near Hotel Tribute, 682304	5000
9	23	560,561,562,563	Saral Associates, Nettoor, Jubilee Road, Nettoor, Nettoor, 682040	1000
10	3	306/B3	Exim India Traders, Kannadikad Road, Maradu , Maradu, Thomaspuram Church, 682304	500
11	16	110/G	Nutrition Centre, Nettoor Maradu, Maradu, Maradu, Maradu, 682304	2500

ലൈസൻസ് ഫീസ് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ലൈസൻസ് ഇല്ലാതെ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവറിക്ക് (നം.37 തീയതി. 21.01.2026) മറുപടി ലഭിച്ചില്ല. മരട് നഗരസഭ സമർപ്പിച്ച 2024-25 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസിനത്തിൽ തൻവർഷം 167500/- കടിശ്ശികയുള്ളതായി കാണുന്നുണ്ട്. ആയതിൽ നിന്നും നഗരസഭാ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ടെന്നും വ്യക്തമാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ എല്ലാം മാനദണ്ഡങ്ങൾ പാലിച്ച്, ബാധകമായ നിശ്ചിത ഫീസ് അതത് വർഷം തന്നെ ഒടുക്കി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 കെ-സ്മാർട്ട് ഓഡിറ്റർ ലോഗിൻ പരിമിതികൾ സംബന്ധിച്ച്

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 11 പ്രകാരം നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്ട് 294(1) -ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ധനകാര്യ സ്റ്റേറ്റ്മെന്റ് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം, അതായത് ജൂലൈ 31 -ാം തീയതിക്കകം ഓഡിറ്റിനായി നൽകേണ്ടതാണ്. എന്നാൽ മരട് നഗരസഭയുടെ 2024-25 ലെ ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി സമർപ്പിച്ചത് 30.11.2025 നാണ്.

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച പുതിയ വിവര കേന്ദ്രീകൃത സേവനപ്രദാന സംവിധാനമായ "കെ- സ്മാർട്ട്" മുഖേനയാണ്. ഇതിലൂടെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കാനുണ്ടായ കാലതാമസമാണ് ചട്ടപ്രകാരം കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ കാലതാമസം വരുത്തിയത് എന്നാണ് വിശദീകരണം ലഭിച്ചിട്ടുള്ളത്.

നിലവിൽ 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഓഡിറ്റർക്കായി അനുവദിച്ചിട്ടുള്ള ലോഗിൻ സംവിധാനത്തിലൂടെയാണ്. ഓഡിറ്റ് സ്ഥാപനം നൽകുന്ന ലോഗിനിൽ ഓഡിറ്റിനാവശ്യമായ എല്ലാ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടില്ല. ഇത് ഓഡിറ്റിനെ ഓഡിറ്റ് സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന ഓഡിറ്റിന്റെ അടിസ്ഥാന തത്ത്വത്തിന് വിരുദ്ധമാണ്.

പ്രധാന പരിമിതികൾ

1) കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലൂടെ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ മാത്രമാണ് പരിശോധിക്കാനാവുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലേത് പോലെ അതത് കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക എത്രയെന്ന് പരിശോധിക്കാനാവുന്നില്ല.

2) സഞ്ചയയിൽ പുതിയതായി കൂട്ടിച്ചേർക്കപ്പെടുന്ന കെട്ടിടങ്ങൾ എല്ലാ വാർഡിലേയും പൂർണ്ണമായി വർഷം/തീയതി തിരിച്ച് Sort ചെയ്ത റിപ്പോർട്ട് ലഭിക്കുമായിരുന്നു (REPORT > File Process Report > New Buildings, Supplementery Register). എന്നാൽ കെ-സ്മാർട്ടിൽ ആയത് ലഭിക്കുന്നില്ല. വാർഡ് തിരിച്ചുള്ള അസസ്സ്മെന്റ് രജിസ്റ്റർ മാത്രമാണ് കെ-സ്മാർട്ടിൽ ലഭ്യമാവുന്നത്. 33 വാർഡുകളുള്ള നഗരസഭയിലെ ഓരോ വാർഡിന്റേയും അസസ്സ്മെന്റ് രജിസ്റ്റർ പ്രത്യേകം ഡൌൺലോഡ് ചെയ്ത് ഫിൽട്ടർ ചെയ്താണ് പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കാനാവുന്നത്. തൻവർഷം നഗരസഭ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ഒന്നിച്ച് തിരിച്ച് Sort ചെയ്ത റിപ്പോർട്ട് ലഭ്യമല്ല.

3) സഞ്ചയയിൽ Search > Building Details > Functionality Option ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം നഗരസഭയിലെ എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങളേയും ഒന്നിച്ച് Sort ചെയ്ത റിപ്പോർട്ട് ലഭ്യമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള Option ഇല്ല. Reports > Building Details > Building List Reports> Building Usage ഓപ്ഷനിൽ വാർഡ് നമ്പറും Subusage ഉം സെലെക്ട് ചെയ്ത് ഓരോ വാർഡിലേയും പ്രത്യേക റിപ്പോർട്ടാണ് ജനറേറ്റ് ചെയ്ത് പരിശോധിക്കാൻ സാധിക്കുന്നത്. കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം എല്ലാ വാർഡുകളിലേയും വിവരങ്ങളടങ്ങിയ റിപ്പോർട്ട് ജനറേറ്റ് ചെയ്ത് പരിശോധിക്കാൻ സാധിക്കുന്നില്ല.

4) Unauthorised കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ Building Detailsൽ Building Type ൽ Sort ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല. ആയതിനാൽ

നിലവിലുള്ള Unauthorised കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കാനാകുന്നില്ല.

5) ഓഡിറ്റ് വർഷം വേക്കൻസി റമിഷൻ അംഗീകരിച്ച് നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള എക്സ് സർവ്വീസുന്റെ കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 60 ച.മീ. താഴെ വരുന്ന കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഒന്നാം തന്നെ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല.

6) കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഡൌൺലോഡ് ചെയ്യാൻ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ കെ-സ്മാർട്ടിൽ നിന്ന് ഡൌൺലോഡ് ചെയ്ത് പരിശോധിച്ചെങ്കിലും രേഖപ്പെടുത്തലുകൾ വ്യക്തമല്ല. ഇവയുടെ കംപ്ലീഷൻ പ്ലാൻ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റേയും അനുബന്ധ വിവരങ്ങളുടേയും വിവരങ്ങൾ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനാവുന്നില്ല.

7) ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ ഫോം-6 ഡൌൺലോഡാകുന്നില്ല. Failed To Load Pdf File എന്നാണ് ഫോം - 6 ൽ പ്രവേശിക്കുമ്പോൾ കാണുന്നത്. ആയതിനാൽ ഇവയുടെ വസ്തുനികുതി നിർണ്ണയം പരിശോധിക്കാനായില്ല.

8) ഓഡിറ്റ് വർഷം നഗരസഭയുടെ സാമൂഹ്യസുരക്ഷ പെൻഷൻ സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കെ-സ്മാർട്ടിൽ ആയത് പരിശോധിക്കുന്നതിനുള്ള മൊഡ്യൂൾ ലഭ്യമാക്കിയില്ല. പകരം ഫയൽ സെർച്ചിലൂടെ കീവേർഡ് ടൈപ്പ് ചെയ്ത് വരുന്ന ഫയലുകളിൽ നിന്നുമാണ് രേഖകൾ പരിശോധിക്കാൻ സാധിക്കുന്നത്. ആയത് വളരെ ആയാസം സൃഷ്ടിക്കുന്ന ഒന്നാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.49 തീയതി. 27.01.2026) മറുപടി ലഭിച്ചില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിന് വിഷയം സർക്കാരിൻറെയും ഐ.കെ.എം-ന്റെയും ശ്രദ്ധയിൽപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വിനോദ നികുതി ഇക ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ ലെ - മെറിഡിയൻ ഹോട്ടലിൽ JTPAC യുടെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 14 ന് 1020 ടിക്കറ്റുകൾ വച്ച് നടന്ന മ്യൂസിക് പ്രോഗ്രാമിൽ വിറ്റുപോകാതെ ബാക്കിയായ 755 ടിക്കറ്റുകളിൽ നഗരസഭാ ഈടാക്കിയ വിനോദ നികുതിയും , 3 ശ്രേണി നിരക്കിൽ ഈടാക്കിയ സർവീസ് സെസ്സ് (90600 +2265) ഉൾപ്പെടെ ആകെ 92865/- രൂപ മേൽ കാലയളവിൽ നഗരസഭാ ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ വകയിരുത്തിയിരുന്നത് തിരികെ ലഭിയ്ക്കാൻ JTPAC സമർപ്പിച്ച അപേക്ഷ നഗരസഭ നിരസിച്ചിരുന്നു. തുടർന്ന് JTPAC ബഹു . ഹൈക്കോടതിയിൽ സമർപ്പിച്ച WPC 31296 / 2017 നമ്പർ കേസിൽ 10000 /-രൂപ മാത്രം ദുരിതാശ്വാസ ഫണ്ടിൽ വകയിരുത്തി ബാക്കി 82865 /- രൂപ തിരികെ JTPAC യ്ക്ക് നൽകാൻ 18/07/2024 ൽ ബഹു.ഹൈക്കോടതി വിധി ന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ദുരിതാശ്വാസ നിധിയിൽ വകയിരുത്തിയ ഇക വിതരണം ചെയ്ത് നല്കിയിട്ടുള്ളതിനാൽ വിഷയത്തിൽ അപ്പീൽ നല്കേണ്ടതായുണ്ടോ എന്ന് നിയമോപദേശത്തിന് അയക്കുവാൻ നഗരസഭ കൗൺസിൽ തീരുമാനിച്ചെങ്കിലും (29.11.24 ലെ 2(1) നമ്പർ തീരുമാനം) ബഹു ഹൈക്കോടതിയുടെ വിധിയ്ക്കെതിരെ അപ്പീൽ സമർപ്പിയ്ക്കുന്നതിനു സാധ്യത ഇല്ല എന്നാണ് നിയമോപദേശം ലഭിച്ചത്. ദുരിതാശ്വാസ നിധിയിൽ ഇതുയും ഇക ബാക്കി നില്പ് ഇല്ലാത്തതിനാൽ തനത്ഫണ്ടിൽ നിന്നും 82,865/-രൂപ JTPAC ക്ക് അനുവദിയ്ക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നം-I(1)/17.02.25) ചെക്ക് നം- 75140/05.03.25 പ്രകാരം 82,865/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2016 ഒക്ടോബർ മാസം ലഭ്യമായ 92865/-രൂപ ദുരിതാശ്വാസ നിധിയിൽ വരവ് വച്ചതായാണ് മിനിട്ട്സിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിന്റെ (നം-7476001100000020) മേൽ കാലയളവിലെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 92865/-രൂപ sl അക്കൗണ്ടിൽ വരവ് വച്ചതായി കണ്ടില്ല. നഗരസഭയുടെ

മറ്റേതെങ്കിലും അക്കൗണ്ടിലാണ് ഇക വരവ് വച്ചതെങ്കിൽ ആയതിന്റെ രേഖകളും 82,865/-രൂപ JTPAC നു തിരികെ അനുവദിച്ച സാഹചര്യത്തിൽ ബാക്കി 10,000/-രൂപ ബഹു ഹൈക്കോടതി വിധിക്കനുസരണം ദുരിതാശ്വാസ നിധിയിലേയ്ക്ക് വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-27/20.01.26) മറുപടി നൽകിയില്ല. അവശ്യരേഖകൾക്കൊപ്പം പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 മരങ്ങൾ ലേലം ചെയ്ത നൽകി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

നഗരസഭ പരിധിയിലെ വിവിധ ഡിവിഷനുകളിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും മരശിഖരങ്ങളും മുറിച്ച് മാറ്റുന്നതിലേയ്ക്ക് ലഭ്യമായ അപേക്ഷകളിൽ ബന്ധപ്പെട്ട ജെ.എച്ച്.ഐ മാരുടെ റിപ്പോർട്ടിന്റേയും ടി കമ്മിറ്റിയുടെ പരിശോധനയുടേയും അടിസ്ഥാനത്തിൽ ആയവ മുറിച്ച് മാറ്റുന്നതിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രകാശൻ എ. ജി (46250/-), കലാധരൻ (47000/-) എന്നിവർക്ക് ഇക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

ഫയൽ നം	വൗച്ചർ നം	ചെക്ക് നം, തീയതി	ഇക
PH2-1063621	P-M071100-24000813	384942	46250/-
PH2-937693	P-M071100-24000847	384975	47000/

മേൽ പ്രകാരം മുറിച്ച് മാറ്റപ്പെട്ട മരങ്ങളുടെ വാല്യുവേഷൻ ഫോറസ്റ്റ് അധികാരികളിൽ നിന്നും ലഭ്യമാക്കി ലേലം ചെയ്തതിന്റേയും ആയത് വാർഷികകണക്കിൽ വരുമാനമായി രേഖപ്പെടുത്തിയതിന്റേയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 08/17.01.26 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ട് പ്രാവശ്യം ലേല നടപടികൾ സ്വീകരിച്ചെങ്കിലും ആരും ലേലം എടുക്കുകയുണ്ടായില്ല എന്ന് അറിയിച്ചു. മരം പുനർ ലേലം ചെയ്ത് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ ഇകകൾ-തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ ബി-9 പ്രകാരം തൻവർഷം 6,12,152/-രൂപ (കോഡ്-3508001) സ്റ്റെയിൽ ചെക്ക് ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 5,88,631/-രൂപ മുന്നിരിപ്പായുണ്ടായിരുന്നതും 23521/-രൂപ തൻ വർഷം മേൽ ഹെഡിലേയ്ക്ക് മാറ്റിയതുമാണെന്ന് കാണുന്നു. സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയ ഇകകളുമായി ബന്ധപ്പെട്ട ചെക്കുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം-12/18.01.2026) നൽകിയതിന് 2023-24 വർഷം സ്റ്റെയിൽ ചെക്ക് ഹെഡിലേയ്ക്ക് മാറ്റിയ 4,11,866/-രൂപയുടെ ചെക്ക്നമ്പർ, തീയതി, ഇക, എന്നീ വിവരങ്ങൾ ലഭ്യമാക്കി. എന്നാൽ 2023-24 വർഷം മുന്നിരിപ്പായി മേൽ ഹെഡിൽ ശേഷിച്ചിരുന്ന 1,76,765/- രൂപയുടെ (588631-411866) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ചെക്ക് ഇഷ്യു ചെയ്ത് മൂന്ന് വർഷം കഴിഞ്ഞും ക്യൂവിൽ ചെയ്യപ്പെടാത്ത ഇകകളുണ്ടെങ്കിൽ ആയത് കൗൺസിൽ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരമറിയിക്കേണ്ടതുമാണ്.

1-18 മുൻവർഷങ്ങളിൽ അനുവദിച്ച മുൻകൂറുകൾ - 4.8 ലക്ഷം രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

2024-25 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം Temporary Advance For Official Purpose (കോഡ്- 4605004) എന്ന ഹെഡിൽ 8,18,954/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ പ്രകാരം മേൽ 8,18,954/- രൂപയിൽ 4,85,454/-രൂപ മുൻവർഷങ്ങളിൽ നൽകിയതും ബാക്കി ഇക തൻവർഷം അനുവദിച്ചിട്ടുള്ളതുമാണ്. നാളിതുവരെ ക്രമീകരിക്കാത്ത മുൻവർഷങ്ങളിലെ മുൻകൂറുകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ	ഉദ്യോഗസ്ഥന്റെ പേര്	അനുവദിച്ച മുൻകൂർ ഇക, തീയതി

നം		
1	കെ.എസ്.നിയാസ്	5000/23.01.2016
2	കെ.എസ്.നിയാസ്	3000/02.03.2016
3	ഹുസൈൻ പി.എം	15000/03.04.2018
4	സി.ജെ.വിൽസൺ	50000/22.01.2019
5	സിബി പ്രവീൺ	10000/31.12.2019
6	മെഡിക്കൽ ഓഫീസർ, നെട്ടൂർ	9000/30.01.2021
7	മെഡിക്കൽഓഫീസർ, വളന്തകാട്	6000/30.01.2021
8	കെ സുകു	165000/07.01.2022
9	കെ സുകു	37500/04.06.2022
10	പർവീൺ വൈ.ഇ	1000/30.11.2022
11	പർവീൺ വൈ. ഇ	2454/30.11.2022
12	ഹുസൈൻ എ	20000/13.03.2023
13	ഇന്ദു കെ പി	20000/22.05.2023
14	അശോക് കുമാർ പി കെ	30000/13.06.2023
15	സുരേഷ് കുമാർ കെ കെ	24500/22.08.2023
16	പർവീൺ വൈ. ഇ	25000/07.09.2023
17	സുരേഷ് കുമാർ കെ കെ	50000/30.09.2023
18	പർവീൺ വൈ. ഇ	12000/26.10.2023
	ആകെ തുക	4,85,454

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം തുക 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ വിശദാംശങ്ങൾ സഹിതം ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻകയറിക്ക് (നം-14/18.01.26) മറുപടി നൽകിയില്ല. മുൻകൂകൾ കൈപ്പറ്റിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ തസ്തിക എന്താണെന്നും തുക കൈപ്പറ്റിയത് ഏത് ആവശ്യത്തിലേക്കാണെന്നും ഉള്ള വിവരം ലഭ്യമാക്കേണ്ടതും കൈപ്പറ്റിയ തുക പലിശ സഹിതം മേൽപ്പറഞ്ഞവരിൽ നിന്നും തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-18-1 ഓഡിറ്റ് വർഷം അനുവദിച്ച മുൻകൂറുകൾ-61000/-രൂപ ക്രമീകരിച്ചിട്ടില്ല- ചെലവ് തടസപ്പെടുത്തുന്നു

2024-25 വർഷം തനത് ഫണ്ടിൽ നിന്നും മുടങ്ങാതെ ചേർക്കുന്ന ജീവനക്കാർക്ക് മുൻകൂറായി നൽകിയ തുകകൾ നാളിതു വരെയായും ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിച്ചതായി കാണുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി കൈപ്പറ്റുന്ന തുകകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം തുക 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ക്രമ നമ്പർ	വൗച്ചർ നമ്പർ/തീയതി	അനുവദിച്ച തുക	തുക മുൻകൂറായി കൈപ്പറ്റിയ ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും	മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം
1	P-M071100-24000757/ 01.11.24	15,000/-	ഒ.വി ജയരാജ് , സീനിയർ ക്ലർക്ക്	ഇലക്ഷൻ എക്സ്പെൻസസ് വാർഡ് ഡിലിമിറ്റേഷൻ

				2024
2	P-M071100-24000969/ 18.12.24	25,000/-	എ-ഹൈസെൻ , പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ	എൽ എസ് ജി ഡി മന്ത്രിയുടെ അദാലത്ത് സംബന്ധിച്ച ചെലവുകൾ
3	P-M071100-24000977/ 26.12.24	21,000/-	ഷിബി കെ. ആർ , PWO	ഇ.കെ നായനാർ ഹാൾ വാട്ടർ ചാർജ് കടിശികയും റി കണക്ഷൻ ചാർജും
	ആകെ	61000/-		

മേൽ പ്രകാരം കൈപ്പറ്റിയ മുൻകൂറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/13.01.26) ന് ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് ക്രമീകരിക്കുന്നതിനുള്ള കൗൺസിൽ തീരുമാനം ലഭ്യമായെന്നും ക്രമീകരിച്ച് അറിയിക്കാമെന്നും അറിയിച്ചു. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വിധേയമായി 61,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-19 വികസന ഫണ്ട് പൊതുവിഭാഗം അലോക്കേഷൻ -₹3,50,940 നഗരസഭക്ക് നഷ്ടപ്പെട്ടു.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്തിയിട്ടില്ലെങ്കിൽ വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനലായി കുറവ് വരുത്തുന്നതിന് ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ എട്ടാം നമ്പരായി ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സ.ഉ.(കൈ) 179/2022/ധന/18.10.2022 പ്രകാരം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

മരട് നഗരസഭക്ക് സ.ഉ.(സാധ) 1625/ധന/ 20.02.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ട് മൂന്നാം ഗഡുവിന്റെ പൊതുവിഭാഗം ഫണ്ടിൽ നിന്നും ₹3,50,940/- കുറവ് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുള്ളത്. മേൽ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ ആയത് പത്രികയിൽ വെളിപ്പെടുന്നില്ല.

തനത് ഫണ്ട് ഡിമാന്റിന്റെ 100 % തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ നഗരസഭക്ക് ലഭിക്കേണ്ട ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-20 ഫെസ്റ്റിവൽ അഡ്വാൻസ് ഈടാക്കുവാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ (460100) പ്രകാരം ₹37,200/- ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂർ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. 4601001 നമ്പർ ലെഡ്ജർ പരിശോധിച്ചത് അനുസരിച്ച് ഈ തുകയിൽ ₹23,000/- 2023-24 വർഷം ഈടാക്കുവാൻ ബാക്കി നിന്നതും ₹14,200/- തൻവർഷം ഈടാക്കുവാനുള്ളതുമാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അതേ സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കണമെന്നിരിക്കെ സമയബന്ധിതമായി ₹37,200/- തിരികെ ക്രമീകരിക്കാത്തത് സംബന്ധിച്ചും ആയത് ഏതേത് ജീവനക്കാർക്ക് നൽകിയതാണെന്നും തുക ഈടാക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണമാവശ്യപ്പെട്ടതിന് (എൻകയറി നം-1/12.01.26) മറുപടിയായി 24,000/- രൂപ 2025-26 വർഷം താഴെ ചേർക്കും പ്രകാരം ഈടാക്കിയതായി അറിയിച്ചു.

1)R-MO71100-25011652, 07.10.25, Rs-20,000/-

2)R-MO71100-25011652, 07.10.25, Rs-4000/-

അവശേഷിക്കുന്ന തുകയിൽ 8000/-രൂപ കൊച്ചി കോർപ്പറേഷനിലേയ്ക്ക് ട്രാൻസ്ഫർ ആയി പോയ PHI GE II സ്വപ്ന.ടി യുടെ പക്കൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും അറിയിച്ചു. പിന്നീടുള്ള 5200/-രൂപ (37200-24000+8000) ആരുടെ പേരിലുള്ള കടിശ്ശികയാണെന്ന് വ്യക്തമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നാളിതുവരെ അടവാക്കിയ 24000/-രൂപ കിഴിച്ച് ബാക്കി കടിശ്ശികയായുള്ള 13200/-രൂപ (8000+5200) ആയത് കൈപ്പറ്റിയവരിൽ നിന്നും ഈടാക്കി മുൻകൂർ ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-21 മരണപ്പെട്ടവർക്ക് ഉടൻതന്നെ സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യ

മരട് നഗരസഭ 2024-25 വർഷത്തെ മരണ രജിസ്ട്രേഷൻ രേഖകൾ, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ, സേവന പെൻഷൻ വെബ് സൈറ്റ് തുടങ്ങിയവ പരിശോധിച്ചതിൽ പൂവടെ ചേർക്കുന്ന മരണപ്പെട്ടവരുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് എന്ന് കാണുന്നുണ്ടെങ്കിലും മരണപ്പെട്ട മാസത്തിന് ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. വിവരങ്ങൾ പൂവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്, പെൻഷണർ ഐഡി	പ്രതിമാസ പെൻഷൻ തുക &വിതരണം ചെയ്ത മാസം	മരണ തീയതി & മരണ രജിസ്ട്രേഷൻ നമ്പർ	അധികമായി വിതരണം ചെയ്ത തുക	കുറിപ്പ് (പെൻഷൻ വിതരണം ചെയ്യുന്ന പ്രാദേശിക സർക്കാർ)
1	ആൻറെണി എം.എ, 112470201511	1600, മെയ് 2024 വരെ	17.12.2023, 80/2024	8,000	
2	ഐഷാബി, 101690230685	1600, ജൂലൈ 2025 വരെ	10.02.2025, 248/2025	8,000	കൊച്ചി കോർപ്പറേഷൻ
3	ധനലക്ഷ്മി, 106690100595	1600, ഡിസംബർ 2025 വരെ	05.08.2025, 3/2026	7,200	ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്, (1600x2)+ (2000x2)
4	ജോഷി വി.കെ, 107020203523	1600, ജൂലൈ 2025 വരെ	04.01.2025, 170/2025	9,600	പാറക്കടവ് ഗ്രാമപഞ്ചായത്ത്
5	തങ്കമ്മ, 112470200083	1600, ഡിസംബർ 2025 വരെ	15.09.2025, 785/2025	5,600	(1600x1)+ (2000x2)
6	ആലീസ്, 112470600533	1600, ജൂലൈ 2025 വരെ	30.12.2024, 172/2025	11,200	
7	ഫിലോമിന സേവ്യർ, 112470600069	1600, ജൂലൈ 2025 വരെ	18.02.2025, 755/2025	8,000	
8	ലോനിയക, 112470600280	1600, ജൂലൈ 2025 വരെ	13.04.2025, 675/2025	4,800	
9	ബേബി റാഫേൽ, 112470201559	1600, ജൂലൈ 2025 വരെ	20.05.2025, 465/2025	3,200	
10	സി.കെ സരസൻ, 112470203903	1600, ഏപ്രിൽ 2025	22.02.2025, 330/2025	3,200	

		വരെ			
11	ശാന്ത ഗോപി, 106670100177	1600, ജൂലൈ 2025 വരെ	14.03.2025, 343/2025	6,400	
12	വത്സല, 101940201730	1600, ജൂലൈ 2025 വരെ	25.03.2025, 329/2025	6,400	തൃപ്പൂണിത്തുറ നഗരസഭ
13	പൊഷാബി, 112470203695	1600, മെയ് 2024 വരെ	30.12.2023, 111/2024	8,000	
14	പീതാംബരൻ കെ.വി, 112470201362	1600, ജൂലൈ 2025 വരെ	21.01.2025, 293/2025	9,600	
15	പി.ഒ സേവ്യർ, 112470201075	1600, ജൂലൈ 2025 വരെ	15.03.2025, 210/2025	6,400	
16	അമ്മു വേലായുധൻ, 112470201058	1600, ജൂലൈ 2025 വരെ	06.03.2025, 196/2025	6,400	
17	അമ്മു, 106670100175	1600, ജൂലൈ 2025 വരെ	22.02.2025, 145/2025	8,000	
18	കമലം ടി.കെ, 112470201963	1600, ജൂലൈ 2025 വരെ	14.02.2025, 147/2025	8,000	
19	ദാക്ഷായണി, 112470201669	1600, ജൂലൈ 2025 വരെ	15.02.2025, 150/2025	8,000	
20	ഫിലോമിന സേവ്യർ, 101690603869	1600, ജൂലൈ 2025 വരെ	12.02.2025, 133/2025	8,000	കൊച്ചി കോർപ്പറേഷൻ
21	ജോസഫ് കെ.എം, 112470203045	600, ജൂലൈ 2025 വരെ	05.02.2025, 124/2025	3,000	
22	മുരളീധരൻ നായർ, 103220203745	1600, ജൂലൈ 2025 വരെ	30.01.2025, 125/2025	8,000	പുതിയേശ്വരം ഗ്രാമപഞ്ചായത്ത്
23	ഫാത്തിമ ബീവി, 101690204524	1600, ജൂലൈ 2025 വരെ	07.12.2024, 106/2025	11,200	കൊച്ചി കോർപ്പറേഷൻ
24	സരസു, 106650600953	1600, ജൂലൈ 2025 വരെ	01.12.2024, 943/2024	11,200	ചെല്ലാനം ഗ്രാമപഞ്ചായത്ത്
25	അലിമ കാസിം, 112470200178	1600, ജൂലൈ 2025	05.12.2024, 934/2024	11,200	

		വരെ			
26	എലിസബത്ത്, 112470200539	1600, ജനുവരി 2025 വരെ	15.12.2024, 900/2024	3,200	
27	മേരി ആൻറെണി, 112470201180	1600, ജനുവരി 2025 വരെ	14.11.2024, 896/2024	3,200	
28	മോളി അഗസ്റ്റിൻ, 112470203182	1600, ജൂലൈ 2025 വരെ	04.01.2025, 101/2025	9,600	
29	മണി പി., 112470200244	1600, ജൂലൈ 2025 വരെ	16.10.2024, 840/2024	14,400	
30	ലക്ഷ്മി, 112470600413	1600, ജൂലൈ 2025 വരെ	11.10.2024, 792/2024	14,400	
31	പൌളി സി.എൽ, 101990602006	1600, ജൂലൈ 2025 വരെ	25.01.2025, 83/2025	9,600	ഗുരുവായൂർ നഗരസഭ
ആകെ				**2,43,000/-**	

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42, തീ.23.01.2026) അധികമായി അടവാക്കിയ ഇക തിരിച്ചുപിടിക്കുന്നതിന് ബാങ്കിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയവരുടെ മരണം അതത് പ്രാദേശിക സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മറുപടി ലഭിച്ചു.

23.09.2020 ലെ സ.ഉ.(എം.എസ്) നം. 97/2020/ധന ഖണ്ഡിക 22 പ്രകാരം അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ച് അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയതിയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടെയുള്ള രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

അതത് പ്രാദേശിക സർക്കാരിലെ ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും അതത് മാസം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയവരുണ്ടെങ്കിൽ ആയത് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുൻപ് തന്നെ പ്രസ്തുത പ്രാദേശിക സർക്കാരിലേക്ക് അറിയിക്കേണ്ട നടപടികളും യഥാസമയം തന്നെ സ്വീകരിക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. നഗരസഭയിലെ മരണപ്പെട്ട മുഴുവൻ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ട് എന്നും അതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ അതത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-22 ഫ്ലോട്ടിംഗ് ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - ഇക നൽകിയതിലെ അപാകത

പ്രോജക്ട് നം.	39/25
പ്രോജക്ടിന്റെ പേര്	പ്ലോട്ടിംഗ് ഡിസ്പെൻസറിയ്ക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങൽ
അടങ്കൽ, ഫണ്ട്	₹2,00,000/- മെയിന്റനൻസ് ഫണ്ട് - റോഡിതരം
ചെലവ്	₹1,99,999/-
ബിൽ/ തീയതി/തുക	358/05.01.2025/ ₹1,08,128 359/05.01.2025/ ₹91,871
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫിസർ (പി.എച്ച്.സി - വളന്തക്കാട്)

പ്ലോട്ടിംഗ് ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഇഷ്യൂ നം. 0703301/24450, തീയതി. 19.11.2024 പ്രകാരം 91871/- രൂപയുടെ മരുന്ന് സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആലുവയിൽ നിന്നും വാങ്ങിയിട്ടുണ്ട് (അക്കൗണ്ട് നം. 10010200148937). എന്നാൽ ബിൽ നം. 359/05.01.25 പ്രകാരം തുക നൽകിയിരിക്കുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനാണ് (അക്കൗണ്ട് നം. 3624005700000027, UTR No- RBI0242574453583). മരുന്ന് വാങ്ങിയ സ്ഥാപനത്തിന് തുക നൽകാതെ മറ്റൊരു സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 20, തീയതി. 19.01.26) തുക തെറ്റായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയതാണെന്നും സപ്ലൈകോയ്ക്ക് തുക കൈമാറുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 09.04.2025 ന് അപേക്ഷ അയച്ചിരുന്നെന്നും തുക എച്ച്.എം.സി അക്കൗണ്ടിലേക്ക് അയച്ച തരാമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമായാലുടൻ സപ്ലൈകോയ്ക്ക് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബിൽ തയ്യാറാക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും യഥാർത്ഥ സ്ഥാപനത്തിന് തന്നെയാണ് തുക നൽകുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. 91871/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി സപ്ലൈകോയ്ക്ക് നൽകേണ്ടതും അതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-23 സ്കൂൾ കെട്ടിടങ്ങൾ അടിയന്തിരമായി പുനർനിർമ്മിക്കേണ്ടതാണ്.

മാങ്കായിൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ തൻവർഷം 547998/- രൂപ വിനിയോഗിച്ചും, ഗവ.വി.എച്ച്.എസ്. സ്കൂളിൽ 454315/- രൂപ വിനിയോഗിച്ചും മെയിന്റനൻസ് ജോലികൾ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടുകളുടെ പ്രദേശികപരിശോധനാവേളയിൽ, ഈ മെയിന്റനൻസ് ജോലികൾ സ്കൂളുകളുടെ സുരക്ഷക്ക് പര്യാപ്തമല്ലെന്ന് വ്യക്തമായി. നഗരസഭയുടെ കീഴിലുള്ള ഏതൊക്കെ സ്കൂളുകൾക്കാണ് ഫിറ്റ്നെസ്സ് ലഭിച്ചിട്ടുള്ളത് എന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.30/21.01.2026) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ഹയർസെക്കൻഡറി സ്കൂളിൽ ക്ലാസ്സുകൾ പ്രവർത്തിക്കുന്ന ഓട് മേഞ്ഞ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിതാപകരമാണ്. കെട്ടിടത്തിന്റെ തടി കൊണ്ടുള്ള പട്ടികയും കഴുക്കോലുമെല്ലാം ജീർണ്ണാവസ്ഥയിലാണ്. ഗവ.വി.എച്ച്.എസ്. സ്കൂളിന്റേയും കെട്ടിടങ്ങളിൽ പലതും ബന്ധപ്പെട്ട സ്കൂളുകളിലെ വിദ്യാർഥികളുടെയും ജോലി ചെയ്യുന്ന അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെയും സുരക്ഷക്ക് ഭീഷണിയാകുന്ന തരത്തിൽ ജീർണ്ണാവസ്ഥയിലാണ്. ഹയർസെക്കൻഡറി സ്കൂളിന്റേയും, ഗവ.വി.എച്ച്.എസ്. സ്കൂളിന്റേയും കെട്ടിടങ്ങളിൽ ഫിറ്റ്നെസ്സ് ഇല്ലാത്തവ പൊളിച്ചുകളഞ്ഞ്, പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി എക്സിറ്റ് മീറ്റിംഗ് സമയത്ത് സൂചിപ്പിച്ചതിന്, പ്രസ്തുത സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർപെഴ്സൺ അറിയിച്ചു. ആയതിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-24 പൊതുടാപ്പുകളുടെ വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനും കടിശ്ശിക തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

മരട് നഗരസഭാ പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 314 പൊതു കടിവെള്ളടാപ്പുകൾ നിലവിലുള്ളതിന് പ്രതിമാസം 571454/- രൂപ വെള്ളക്കരമായി നഗരസഭാ ഒടുക്കേണ്ടതുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 21839/- രൂപയാണ് നിരക്ക്. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ലഭ്യമല്ല. പ്രതിവർഷം വെള്ളക്കരം ഇനത്തിൽ മാത്രം 68.57 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ചവരുത്തിയതുമൂലം നിലവിലുള്ള കുടിശ്ശിക 4842272/- രൂപയാണെന്ന് വാട്ടർ അതോറിറ്റി നഗരസഭയെ അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക അടവാക്കുന്നതിന് വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നു. ആയതിന് 03.11.2025 ലെ ഇ 4- 602296/25 നം. കത്ത് പ്രകാരം അമൃത് പദ്ധതി പ്രകാരം 90 % വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭിച്ചതിനാൽ ഒരോ വാർഡിലെയും മൂന്ന് ടാപ്പുകൾ മാത്രം നിലനിർത്തി ബാക്കി ടാപ്പുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്നുള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി പൊതുടാപ്പുകളുടെ വെള്ളക്കരം പുനർനിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. എല്ലാ വാർഡുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കി കൃത്യമായ എണ്ണത്തിനനുസൃതമായുള്ള ഇക കണക്കാക്കി ആയത് ഓരോ മാസവും കുടിശ്ശികയില്ലാതെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ കുടിശ്ശിക കണക്കാക്കി നിലവിൽ ഡിമാന്റ് ചെയ്തിട്ടുള്ള ഇക കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാ ജലസ്രോതസ്സുകളുടെയും നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനും പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ശ്രമം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 സാമൂഹ്യ സുരക്ഷ മിഷനിലേക്ക് ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ	33/25
പ്രൊജക്ടിന്റെ പേര്	സാമൂഹ്യ സുരക്ഷ മിഷനിലേക്ക് ധനസഹായം
അടങ്കൽ	1000000/- (വികസന ഫണ്ട് ജനറൽ)
ചെലവ്	1000000/- (വികസന ഫണ്ട് ജനറൽ)
ബിൽ നം & തിയതി	(ബിൽ നം- 315/18.12.24)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർ വൈസർ

മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതി മുഖേന 65 വയസ് കഴിഞ്ഞ ആളുകൾക്ക് സൗജന്യ വൈദ്യ സഹായം ലഭ്യമാക്കുന്നതിനായി ₹10,00,000/- (TSB A/C No. 79901140000770) സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/20.01.26) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ആയത് ലഭ്യമാക്കുന്നതു വരെ ₹10,00,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 ഐ.കെ.എം വിഹിതം അടയ്ക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് - 204183/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	7/25
പ്രോജക്ടിന്റെ പേര്	ഐ.കെ.എം വിഹിതം അടയ്ക്കൽ (വികസന ഫണ്ട്-ജനറൽ)
അടങ്കൽ	204183/-
ചെലവ്	204183/-
ബിൽ നം & തീയതി	318/19-12-24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ഐ.കെ.എം വിഹിതം അടയ്ക്കൽ എന്ന പ്രോജക്ടിനായി മേൽ ബിൽ പ്രകാരം 204183/- രൂപ ഐ.കെ.എം ന് നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 45/24 -1-26) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ 204183/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 വളന്തകാട് ദ്വീപിലേക്ക് കുടിവെള്ള വിതരണം-പൂർത്തികരിച്ചിട്ടില്ല - 16,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	29/25
പ്രോജക്ടിന്റെ പേര്	വളന്തകാട് ദ്വീപിലേക്ക് കുടിവെള്ള വിതരണം
അടങ്കൽ	1640000/- (തനത് ഫണ്ട്)
ചെലവ്	1640000/-
ബിൽ നം&തീയതി	ചെക്ക് നം.384952/15-11-2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

വളന്തകാട് ദ്വീപിലേക്ക് കുടിവെള്ള വിതരണം ആവശ്യത്തിലേക്കായി തയ്യാറാക്കിയ പ്രോജക്ടാണിത്. ഫയൽ പ്രകാരം 45 പട്ടിക ജാതി കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന പ്രോജക്ടാണിത്. നിലവിൽ ടാങ്കർ ലോറിയിലാണ് കുടിവെള്ളം നല്കുന്നത്. പ്രോജക്ട് പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ച് 5-11-24 ൽ DB1/Est/DW/2022 ൽ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. മേൽ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി-18 (എസ്റ്റിമേറ്റ് ID No.23/24) എന്ന് പേരിൽ 1640000/- രൂപ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻകയറി നല്കിയെങ്കിലും (നം.36/ 21-1-26) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തികരിച്ച് വാട്ടർ അതോറിട്ടിയിൽ നിന്നും നടത്തിയ പ്രവൃത്തികളുടെ സ്റ്റേച്ചും ബില്ലും സഹിതം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ഈ പ്രവൃത്തിക്കായി ചെലവഴിച്ച 1640000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 മരുന്ന് പൂർണമായി ലഭ്യമായില്ല - 14,65,795/- രൂപ തടസ്സപ്പെടുത്തുന്നു.

1. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വളന്തകാട് നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവിസ് കോർപ്പറേഷന് ഇക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്	41/25, പാലിയേറ്റീവ് കെയർ വളന്തക്കാട് ഡിസ്പെൻസറി മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ നഴ്സ് സാലറി ടെയിനിംഗ്		38/25 പി.എച്ച്.സിയ്ക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങൽ- വളന്തക്കാട്	39/25 ഫ്ലോട്ടിംഗ് ഡിസ്പെൻസറിയ്ക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങൽ-
അടങ്കൽ	9,50,000 /- (400000- തനത് ഫണ്ട്, 550000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)		3,00,000 /- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)	2,00,000 /- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്	8,11,839/- (261840- തനത് ഫണ്ട്, 549999- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)		2,99,999/-	1,99,999/-
മരുന്നുകൾക്കായി KMSCL ന് നൽകിയ ഇകയുടെ പ്രൊഫോർമ ഇൻവോയിസ് നം, തീയതി, ഇക	PRF-2282/02.12.24, ₹47463/-	PRF-3281/28.01.25, ₹276066/-	PRF-3294/29.01.25, ₹153510/-	PRF-2526/17.12.24, ₹108128/-
ലഭ്യമായ ഇകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരം)	28414/-	223876/-	-	47743/-
ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന ഇകയുടെ മരുന്നുകൾ	19049/-	52190/-	153510/-	60385/-

അവശേഷിക്കുന്ന ഇകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയിസുകളും സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 22, തീയതി.19.01.2026) മരുന്നുകൾ ലഭ്യമാകുവാനുള്ളതായി മറുപടി നൽകി. മേൽ പ്രോജക്ടുകൾ പ്രകാരം ഇനി ലഭ്യമാകുവാനുള്ള 285134/- (19049+52190+153510+60385) രൂപയുടെ മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 285134/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., നെട്ടൂർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ഇക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്	9/25, പാലിയേറ്റീവ് കെയർ എഫ്.എച്ച്.സി. നെട്ടൂർ	10/25 , സെക്കന്ററി പാലിയേറ്റീവ്-	244/25 , പി.എച്ച്.സിയ്ക്ക്	245/25, പാലിയേറ്റീവ് കെയർ-	246/25, സെക്കന്ററി പാലി

					എഫ്.എച്ച്.സി. നെട്ടൂർ	മരുന്ന് വാങ്ങൽ- നെട്ടൂർ	പി.എച്ച്.സി. നെട്ടൂർ	യേറ്റിവ്- പി.എച്ച്.സി. നെട്ടൂർ		
അടങ്കൽ	12,00,000 /-(400000- തനത് ഫണ്ട്, 800000/- വികസന ഫണ്ട്- ജനറൽ)				8,00,000 /- (വികസന ഫണ്ട്- ജനറൽ)	1,00,327 /- (മെയിന്റ് നൻസ് ഗ്രാന്റ് നോൺ റോഡ്)	660172/- (654272- വികസന ഫണ്ട്- ജനറൽ, 5900- തനത് ഫണ്ട്)	245524/- (വികസന ഫണ്ട്- ജനറൽ)		
ചെലവ്	11,22,905/- (322905- തനത് ഫണ്ട്, 800000 വികസന ഫണ്ട്- ജനറൽ)				7,97,000/-	1,00,000/-	660078/- (654253- വികസന ഫണ്ട്- ജനറൽ, 5825- തനത് ഫണ്ട്)	245524/-		
KMSCL ന് ഇക നൽകിയതിന്റെ പ്രൊഫോർമ ഇൻവോയിസ് നം, തിയതി, ഇക	PRF-3858/ 25.02.25, ₹150224	PRF-3862/ 25.02.25, ₹117085	PRF-3860/ 25.02.25, ₹117249	PRF-3367/ 31.01.25, ₹187138	PRF-3537/ 07.02.25, ₹10046	PRF-3538/ 07.02.25, ₹243435	PRF-4318/ 20.02.24, ₹100000	PRF-5051/ 15.03.24, ₹221000	PRF-4575/ 29.02.24, ₹183232	PRF-4325/ 20.02.24, ₹182822
ലഭ്യമായ ഇകയുടെ മരുന്നുകൾ (ഹാജരാക്കിയ സ്റ്റോക്ക് വിവരങ്ങൾ പ്രകാരം)	-	-	-	59990/-	1915/-	157500/-	-	-	-	112165/-
ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന ഇകയുടെ മരുന്നുകൾ	150224/-	117085/-	117249/-	127148/-	8131/-	85935/-	100000/-	221000/-	183232/-	70657/-

അവശേഷിക്കുന്ന ഇകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയിസുകളും സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 29, തിയതി.20.01.2026) മരുന്നുകൾ ലഭ്യമാകുവാനുള്ളതായി മറുപടി നൽകി. മേൽ പ്രോജക്ടുകൾ പ്രകാരം ഇനി ലഭ്യമാകുവാനുള്ള 1180661/- (150224 + 117085 + 117249 + 127148 + 8131 + 85935 + 100000 + 221000 + 183232 + 70657) രൂപയുടെ മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 1180661/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം–പ്രവൃത്തി പൂർണ്ണമായും ചെയ്തിട്ടില്ല

പ്രൊജക്ട് പരിശോധനയുടെ ഭാഗമായി 24.01.2026-ൽ നടത്തിയ പ്രാദേശികപരിശോധനയിൽ ഈ പ്രവൃത്തിയിലെ താഴെപ്പറയുന്ന ഇനം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ചെയ്തിട്ടില്ല എന്ന കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	അസിസ്റ്റൻറ് എഞ്ചിനീയർ
പ്രൊജക്ടിന്റെ പേരും നമ്പരും	പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം, എസ്0396/25
അടങ്കൽ	1300000/-
ഫണ്ട്	തനത് ഫണ്ട്
ചെലവ് ഇക /ചെക്ക് നമ്പർ	₹1300000/-, 210176/23.09.2024
കരാറുകാരൻ, കരാർ നമ്പർ/ തീയതി	ഷജീർ, 103/07.03.2024

ക്ര നമ്പർ (ഇ.എംബുക്കിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം)	ഇനം	നിരക്ക് (ഒന്നിന്)	എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്	പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അളവ്	അളവിലുണ്ടായ കുറവ്	അധികം നൽകിയ ഇക
2.0005	OD25111/2024-2025 Supplying And Fitting Stainless Steel (Grade 304) 3D LETTERING Malayalam Of Size 10-15 Vm, 20-30 Mm Projection Etc. Complete As Per Direction Of Engineer In Charge At Site	749.78	18 എണ്ണം	ഇല്ല	18 എണ്ണം	13496.04

മേൽ സൂചിപ്പിച്ച അപാകത ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(47/27.01.2026) മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ നഷ്ടമായ ഇക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-2-ൽ ചേർത്തിട്ടുണ്ട്.

1-30 സോയിൽ ടെസ്റ്റ് ചെയ്തിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല - 1,16,899/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേരും നമ്പരും	മാങ്കായിൽ ജി.എച്ച്.എസ്. ബിൽഡിംഗ് സോയിൽ ടെസ്റ്റ് (ഡിവിഷൻ -17), എസ് .0355/25-
ഫണ്ടിനം	തനത് ഫണ്ട്
അടങ്കൽ	175000/-
ചെലവ് ഇക	116899/-

ചെക്ക് നമ്പർ/ തീയതി	389466/22.11.2024

മാങ്കായിൽ ജി.എച്ച്.എസ് കെട്ടിടത്തിനായി സോയിൽ ടെസ്റ്റ് നടത്തുന്നതിനായി 116899/-രൂപ ചെലവഴിച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റ് ചെയ്തതിന്റെ കാരണം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. സോയിൽ ടെസ്റ്റ് റിസൽട്ട് സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/21.01.2026-ന് മറുപടി ലഭ്യമാക്കുകയൊ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവു തുകയായ 116899/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 എ.പി.ജെ.അബ്ദുൾകലാം പാർക്ക് പൂർത്തീകരണം-തുടർപരിപാലനം തൃപ്തികരമല്ല

പ്രൊജക്ടിന്റെ പേരും നമ്പരും	എ.പി.ജെ. അബ്ദുൾകലാം പാർക്ക് പൂർത്തീകരണം (എസ് 0395/25)
നിർവഹണോദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ
അടങ്കൽ	1331768/- (തനത് ഫണ്ട്) 1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരങ്ങൾ (ചെക്ക് നമ്പർ/തീയതി)	JH7070784/27-02-2025- 496401/- C022526655293/15-02-2025- 1500000

മേൽ സൂചിപ്പിച്ചിരിക്കും പ്രകാരം പാർക്ക് നവീകരണത്തിനും, പാർക്കിൽ മെക്സിക്കൻ ഗ്രാസും, ചെടികളും വച്ചു പിടിപ്പിക്കുന്നതിനുമായി 2024-25- ൽ 1996401/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 570156/- രൂപ മെക്സിക്കൻ ഗ്രാസും, ചെടികളും വച്ചു പിടിപ്പിക്കുന്നതിനായിട്ടാണ് ചെലവഴിച്ചിരിക്കുന്നത്. പ്രാദേശികപരിശോധനാവേളയിൽ പ്രൊജക്ട് പ്രകാരം വാങ്ങി പാർക്കിൽ നട്ടു പിടിപ്പിച്ച വില കൂടിയ പല ചെടികളും കാണുവാൻ സാധിച്ചില്ല. ഉദാഹരണം – 2313/- രൂപ വിലയുള്ള പ്ലമേറിയ (നാലെണ്ണം). കൂടാതെ നട്ടു പിടിപ്പിച്ച പുല്ലും പലയിടത്തും ഉണങ്ങിയിരിക്കുന്നതായും കണ്ടു അപാകതകയിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(44/24.01.2026) മറുപടി ലഭ്യമാക്കിയില്ല. ജല ലഭ്യത ഉറപ്പു വരുത്തിയിട്ട് മാത്രം പാർക്ക് പോലുള്ള സ്ഥലങ്ങളിൽ വൻ തുക ചെലവഴിച്ച് ചെടി നട്ടു പിടിപ്പിക്കുകയും, ആയതിന്റെ തുടർപരിപാലനം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

1-32 എം.ബുക്കിൽ ചേർത്തിരിക്കും പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും ചെയ്തിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ
പ്രൊജക്ടിന്റെ പേരും നമ്പരും	അംഗൻവാടി നമ്പർ 26-ന്റെ മുകളിലെ നില ഇലക്ട്രിഫിക്കേഷൻ ഡിവിഷൻ-29, എസ്0479/25
അടങ്കൽ	₹100000/-
ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക /ചെക്ക് നമ്പർ	₹94526/-, 780061/24.12.2024
കരാറുകാരൻ, കരാർ നമ്പർ/ തീയതി	എബി അബ്രാഹാം പി.ജെ., 120/15.03.2024

മേൽ സൂചിപ്പിച്ച പ്രൊജക്ടിന്റെ പ്രാദേശികപരിശോധനയിൽ എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും ചെയ്തിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

ക്രമ നമ്പർ (ഇ.എംബുക്കിൽ ഇനം	നിരക്ക് (ഒന്നിന്)	എം ബുക്കിൽ രേഖപ്പെടുത്തി	പ്രാദേശിക പരിശോധനയിൽ കണ്ടത്	അളവിലു അധികം

രേഖപ്പെടുത്തിയിരിക്കും പ്രകാരം)			യിരിക്കുന്നത്	കണ്ടെത്തിയ അളവ്	കുറവ്	നൽകിയ ളക
1.001	90.2.1.1 Single Control Light Point With 6A Plate Ceiling Rose Short Point	1000	9 എണ്ണം	8	1 എണ്ണം	1000
1.013	90.15.4.2 Supply, Conveyance, Installation Testing And Commissioning Of 36/40 W LED Street Light Output Greater Than 105 Lumen....	4600	1	0	1	4600

മേൽ സൂചിപ്പിച്ച ഇലക്ട്രിക്കൽ വർക്കിന് അളവ് എടുത്തിരിക്കുന്നതും ബിൽ തയ്യാറാക്കിയിരിക്കുന്നതും ഡി.എൽ.റ്റിസി യിലെ മെമ്പറായ ശ്രീ. എം. ആർ ഉദയഭാനവും ചെക്ക് മെഷർ ചെയ്തിരിക്കുന്നത് എറണാകുളം ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയറായ ശ്രീ അബ്രാഹാം കെ. എ യുമാണ്. മേൽ സൂചിപ്പിച്ച അപാകത വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47/27.01.2026) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത വേലക്ക് അധികമായി നൽകിയ 5600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ ളക, ഈ പ്രവൃത്തിയുടെ അളവെടുക്കുകയും ആയത് ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പരാമർശം 3-1 ചേർത്തിട്ടുണ്ട്.

1-33 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ – സ്ഥാപിച്ചതിന്റെ വിവരങ്ങൾ അപൂർണ്ണം – 1846936/- രൂപ തടസ്സപ്പെടുത്തുന്നു.

സ്ട്രീറ്റ് ലൈറ്റ് വാങ്ങലുമായി ബന്ധപ്പെട്ട് 2 പ്രോജക്ടുകൾ തൻവർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്.

1. എൽ.ഇ.ഡി.ലൈറ്റ് ഡിവിഷൻ 6 (എസ് 0375/25)

ഫണ്ടിനം	തനത് ഫണ്ട്
അടങ്കൽ	350000
ചെലവ് ളക	347987
ചെക്ക് നമ്പർ/ തീയതി	780021/11.12.2024

ഈ പ്രൊജക്ട് പ്രകാരം ഡിവിഷൻ നം.6-ൽ സ്ഥാപിക്കുന്നതിനായി യുണൈറ്റഡ് ഇലക്ട്രിക്കൽസിൽനിന്നും (ഇൻവോയ്സ് നമ്പർ-UEI/160/28.06.2024) 120 W എൽ. ഇ.ഡി. ലൈറ്റും, ആയത് സ്ഥാപിക്കുന്നതിനാവശ്യമായ ജംഗ്ഷൻ ബോക്സും 36 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. ഇവയൊന്നും സ്റ്റോക്കിൽ എടുത്തിട്ടില്ല. കൂടാതെ വാർഡിൽ നിലവിൽ എവിടെയൊക്കെയാണ് എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കേണ്ടത് എന്നതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. വാങ്ങുവാൻ ഉദ്ദേശിക്കുന്ന ലൈറ്റുകളുടെ സാംപിൾ ടെസ്റ്റ് ചെയ്ത് നോക്കിയതിന്റെ വിവരങ്ങളും ഹാജരാക്കിയില്ല. തന്നെയുമല്ല, ഫയലിനോടൊപ്പം കെ.സ്മാർട്ടിൽ അപ് ലോഡ് ചെയ്തിട്ടുള്ള രേഖകളിൽ വാർഡ് 6-ൽ 120 W എൽ. ഇ.ഡി. ലൈറ്റും ജംഗ്ഷൻ ബോക്സും സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പകരം 1, 2,

3, 4, 5, 6, 30, 31, 32, 33 വാർഡുകളിലായി 25 W എൽ. ഇ.ഡി. ലൈറ്റുകളും(66 എണ്ണം), 75 W എൽ. ഇ.ഡി. ലൈറ്റുകളും (44 എണ്ണം) സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഡിവിഷൻ മെമ്പർ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരങ്ങളാണ് (സാക്ഷ്യപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) ഉൾപ്പെടുത്തിയിട്ടുള്ളത്. തന്നെയുമല്ല, തൻവർഷം നടപ്പിലാക്കിയ മറ്റൊരു ഇത് പ്രൊജക്ട് ആയ 330/25 - പ്രകാരം എല്ലാ വാർഡുകളിലേക്കുമായി വാങ്ങിയ ലൈറ്റുകളുടെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങളാണ്.

2. എൽ.ഇ.ഡി.ലൈറ്റ് ഡിവിഷൻ 6(എസ് 0330/25)

ഫണ്ടിനം	തനത് ഫണ്ട്
അടങ്കൽ	1500000
ചെലവ് തുക	1498949
ചെക്ക് നമ്പർ/ തീയതി	780032/12.12.2024

ഈ പ്രൊജക്ട് പ്രകാരം ഡിവിഷൻ നം.6-ൽ സ്ഥാപിക്കുന്നതിനായി യുണൈറ്റഡ് ഇലക്ട്രിക്കൽസിൽനിന്നും (ഇൻവോയ്സ് നമ്പർ-UEI/164/28.06.2024) 25 W എൽ. ഇ.ഡി. ലൈറ്റുകൾ 219 എണ്ണവും, 75 W എൽ. ഇ.ഡി. ലൈറ്റുകൾ 132 എണ്ണവും ആയത് സ്ഥാപിക്കുന്നതിനാവശ്യമായ ജംഗ്ഷൻ ബോക്സുകൾ 351 എണ്ണവും (219+132) വാങ്ങിയിട്ടുണ്ട്. വാങ്ങിയവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങളും ഇല്ല. ഓരോ വാർഡുകളിലും, എൽ. ഇ.ഡി. ലൈറ്റ് സ്ഥാപിക്കേണ്ടതിന്റെ ലൊക്കേഷൻ സ്കെച്ച് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല. വാങ്ങുവാൻ ഉദ്ദേശിക്കുന്ന ലൈറ്റുകളുടെ സാംപിൾ ടെസ്റ്റ് ചെയ്ത് നോക്കിയതിന്റെ വിവരങ്ങളും ഹാജരാക്കിയില്ല. 33 വാർഡുകളിലായി 25 W എൽ. ഇ.ഡി. ലൈറ്റുകളും (219 എണ്ണം), 75 W എൽ. ഇ.ഡി. ലൈറ്റുകളും (132 എണ്ണം) സ്ഥാപിച്ചത്, ഡിവിഷൻ മെമ്പർ സാക്ഷ്യപ്പെടുത്തിയതിന്റെ (സാക്ഷ്യപത്രത്തിൽ തീയതി വച്ചിട്ടില്ല) രേഖകൾ ഹാജരാക്കിയെങ്കിലും തീയതി വയ്ക്കാത്ത സാക്ഷ്യപത്രങ്ങളായതിനാൽ ആയതിന്റെ ആധികാരികത ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/23.01.2026) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2 പ്രൊജക്ടുകളിലുമായി ഈയിനത്തിൽ ചെലവഴിച്ച 1846936/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 പ്രൊജക്ടിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പ്രൊജക്ട് ചെലവിന്റെ ഭാഗമാക്കേണ്ടതാണ്.

നഗര സഭയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ തനത് ഫണ്ട് വിഹിതം ഉൾപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ പ്രൊജക്ടുകളിലും തനത് ഫണ്ട് വിഹിതം പ്രൊജക്ട് ചെലവിന്റെ ഭാഗമായി സൂലേഖ ചെലവ് പത്രികയിൽ കാണിക്കുന്നില്ല. വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകകൾ പ്രൊജക്ട് ചെലവിന്റെ ഭാഗമാക്കേണ്ടതും സൂലേഖ ചെലവ് പത്രികയിൽ തുക കൃത്യമായി ഉൾപ്പെടുന്നു എന്നു ഉറപ്പു വരുത്തേണ്ടതുമാണ്. ഉദാഹരണമായി പ്രൊജക്ട് നം. 296/25 നഗരസഭാ ചെയർമാൻ ഔദ്യോഗിക വാഹനം വാങ്ങൽ എന്ന പ്രൊജക്ടിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച ഈ പ്രൊജക്ട് ചെലവിന്റെ ഭാഗമാക്കിയിട്ടില്ല.

1-35 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ₹2,29,966/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി യ്ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ നടപ്പിലായതിന്റെ പൂർത്തികരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ര നം	പ്രവൃത്തി	അടങ്കൽ ₹	മുൻകൂർ നൽകിയ	വൗച്ചർ നമ്പർ/

			തുക ₹	തീയതി
1	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-31	67,194	67,194	P-M071100-24001343 /27.03.2025
2	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-29	1,62,772	1,62,772	P-M071100-24001368 /28.03.2025
		ആകെ	2,29,966	

മേൽ പരാമർശിത പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 20.01.2026-ലെ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുമ്പോൾ സ്ട്രീറ്റ് നമ്പർ, പോസ്റ്റ് നമ്പർ സ്വിച്ച് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. കൈമാറിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹2,29,966/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിക്കിവച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗര മേഖലയിലേക്ക് പ്രധാനമായും 2 സ്ട്രീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. നാളിതുവരെ നഗരസഭക്ക് ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റിസ്. (എ) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റിസ്. (ബി) പി.എച്ച്.സി.		-	₹ 32,57,000 ₹ 1,28,239 ₹ 32,85,239	Int: ₹ 91,207 ₹ 91,207
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	₹ 82,00,000 +Int: ₹ 1,38,028	₹ 31,83,000 +Int: ₹ 3,03,663	₹ 32,60,000 +Int: 1,76,067

			₹83,38,028 ₹34,86,663 ₹34,37,067

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സൂലേഖയിൽ ഉൾപ്പെടുത്തുന്നത്.

കുറിപ്പ്- 2022-23, 2023-24 വർഷങ്ങളിൽ Grant For Projects എന്ന പൊതു ഹെഡിലാണ് (കോഡ്-320802000) ഹെൽത്ത് ഗ്രാന്റ് കണക്കുകൾ ഉൾപ്പെടുത്തിയിരുന്നത്. തൻവർഷമാണ് ഇതു ഗ്രാന്റുകൾക്കും പ്രത്യേകം ഹെഡുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, സൂലേഖ ചെലവ് പത്രിക എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ഇതു ഗ്രാന്റുകളുടേയും മേൽ വർഷങ്ങളിലെ വരവ് ചെലവ് തുകകൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.	-	-	-	-
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-
4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	-	₹2,12,452	₹20,10,523

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ എന്ന ഹെൽത്ത് ഗ്രാന്റിനത്തിൽ 2023-24 വർഷത്തെ 2360 യുടെ ചെലവ് ബാങ്ക് ചാർജിനത്തിൽ ഉള്ളതായതിനാൽ മേൽ പട്ടികയിൽ പെടുത്തിയിട്ടില്ല.

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.

(എ) പി.എച്ച്.സി.

പ്രോജക്ട്	ചെലവ് 2021-22	2022-23	2023-24	2024-25
ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	-	-	-	-
ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.				
പി.എച്ച്.സി. സബ്സെന്റർ നിർമ്മാണം	-	-	-	-
കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.				

ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ	-	-	₹2,12,452 ₹20,10,523

3. ഹെൽത്ത് ഗ്രാന്റ് ഇക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഇക ഉപയോഗിച്ച് നിർമാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ട്ട ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റിസ്. (ബി) പി.എച്ച്.സി. (3201002) Punjab National Bank A/C No.7476001100000129	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റ്റ്സ് ഇന്റ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (3201001) Punjab National Bank A/C No.7476001100000110
മുന്നിരുപ്പ്	₹32,82,879	₹65,38,456
വരവ് (പലിശ ഉൾപ്പെടെ)	₹91207(പലിശ)	₹32,61,000+ 1,76,067(പലിശ)= ₹34,37,067
ആകെ	₹33,74,086	₹99,75,523
ചെലവ്	₹0	₹20,10,523
നിക്കിയിരുപ്പ്	₹33,74,086	₹79,65,000

1-37 സർവിസ് പെൻഷൻ വിതരണം-അവലോകനം

മരട് മുനിസിപ്പാലിറ്റിയിൽ നിന്നും നിലവിൽ 11 റഗുലർ പെൻഷൻകാർക്കും 5 കണ്ടിജന്റ് പെൻഷൻകാർക്കുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ.(അ)168/2021 /ധന/08.12.2021 ഉത്തരവ് പ്രകാരവും, 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-37-1 റഗുലർ പെൻഷൻ

A) റഗുലർ പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E(A + B + C + D)
F.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	10	-	-	-	10
G.	തൽവർഷം അനുവദിക്കപ്പെട്ടവർ	1	1	-	-	2
H.	തൽവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	1	-	-	-	1

വർഷാവസാനം ഉള്ള I. പെൻഷൻകാർ (F + G) - (H)	10	1	-	-		11

B) പെൻഷൻ വിതരണ വിവരം : ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 30,66,815/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	ചെക്ക് നം./തീയതി	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
04/2024	701984/ 3.4.24	2,43,251	-	-	-	2,43,251	2,43,251 3.4.24
05/2024	660376/ 3.5.24	2,54,659	-	-	-	2,54,659	2,54,659 3.5.24
06/2024	660437/ 4.6.24	2,51,067	-	-	-	2,51,067	2,51,067 4.6.24
07/2024	287647/ 2.7.24	2,49,659	-	-	-	2,49,659	2,49,659 2.7.24
08/2024	954024/ 1.8.24	2,49,659	-	-	-	2,49,659	2,49,659 1.8.24
09/2024	954089/ 2.9.24	2,18,585	-	-	-	2,18,585	2,18,585 3.9.24
10/2024	210202/ 30.09.24	2,18,586	-	-	-	2,18,586	2,18,586 1.10.24
11/2024	384921/ 2.11.24	2,26,691	-	-	-	2,26,691	2,26,691 2.11.24
12/2024	384997/ 2.12.24	2,26,691	-	-	-	2,26,691	2,26,691 2.12.24
12/2024 കുടിശ്ശിക	385010/ 5.12.24	86,185	91,372	-	-	1,77,557	1,77,557 5.12.24
01/2025	780085/ 3.1.25	2,34,971	22,646	-	-	2,57,617	2,57,617 3.1.25
02/2025	075052/ 5.2.25	2,34,971	22,646	-	-	2,57,617	2,57,617 5.2.25
03/2025	075135/ 3.3.25	2,12,530	22,646	-	-	2,35,176	2,35,176 3.3.25
ആകെ		29,07,505	1,59,310	-	-	30,66,815	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്കിന്റെ മരട് ശാഖയിൽ 7476001100000084 -ാം നമ്പരായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. ഇതിലേക്ക് 14.11.2022

ൽ ആണ് അവസാനമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടുള്ളത്. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.747600110000011) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ നിലവിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്. പെൻഷൻ വിതരണത്തിനുള്ള തുക പെൻഷൻ ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അതിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ, പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്.

D) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം: സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 2025 ജനുവരി വരെയുള്ളത് കണക്കാക്കി താഴെ ചേർക്കും പ്രകാരം ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 79901140000730 5 നമ്പർ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ 2025 ഫെബ്രുവരി മാസം മുതൽ ഓഡിറ്റ് തീയതി വരെയുള്ള മാസങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ യഥാസമയം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മാസം	അടവാക്കേണ്ടത്	അടവാക്കിയത്	ചെക്ക് നം./തീയതി	അടവാക്കാൻ ബാക്കി
04/2024	1,49,775	1,49,775	660412/16.5.24	-
05/2024	1,42,478	1,42,478	287642/27.6.24	-
06/2024	1,42,478	1,42,478	287670/8.7.24	-
07/2024	1,42,944	1,42,944	954048/6.8.24	-
08/2024	1,43,168	1,43,168	210206/1.10.24	-
09/2024	1,43,392			-
10/2024	1,51,877	4,48,850	780059/24.12.24	-
11/2024	1,53,581			-
12/2024 01/2025	2,90,072	2,90,072	JH07070781/22.2.25	-
02/2025	1,61,194	0	-	1,61,194
03/2025	1,61,371	0	-	1,61,371
ആകെ	**17,82,330**	**14,59,765**		**3,22,565**

(കെ സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ- 805620/2024) 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് (ചെക്ക് നം. JH07070781/22.2.25, തുക 2,90,072), ഡയറക്ടർ ഓഫ് റൂറൽ ഡെവലപ്മെന്റ്(ചെക്ക് നം. JH07070782/22.2.25, തുക 19,540), ഡയറക്ടർ ഓഫ് പഞ്ചായത്ത് (ചെക്ക് നം. JH07070783/22.2.25, തുക 10,037) എന്നിങ്ങനെ മൂന്ന് വകുപ്പുകളിലേക്ക് അടവാക്കുന്നതിനായി ചെക്ക് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിലേക്കുള്ള തുക മാത്രമാണ് അടവാക്കിയിരിക്കുന്നത്)

E) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം:

മാസം	തുക	ഉത്തരവ് നം / ചെക്ക് നം.	മുതൽപ്പെട്ടിയ ബാങ്ക് അക്കൗണ്ട് നം.
		തൽവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.	

F) കമ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണ വിവരം: തൻവർഷം നഗരസഭയിൽ പെൻഷൻ അനുവദിച്ചവർക്ക് താഴെ ചേർക്കും പ്രകാരം 9,43,862 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഇനം	തുക	ചെക്ക് നം./തീയതി	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
കമ്യൂട്ടേഷൻ	6,12,720	385010/05.12.24	943862/05.12.24
ഡി.സി.ആർ.ജി.	3,31,142		
ആകെ	9,43,862		

G) നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ തുക

വാർഷിക ധനകാര്യ പത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കോഡ്	ശീർഷകം	തുക
4315101	പെൻഷൻ അലോട്ട്മെന്റ് റിസീവബിൾസ്	33728162

1-37-2 കണ്ടിജന്റ് പെൻഷൻ

A) കണ്ടിജന്റ് പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E(A +B+C+D)
F.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	4	1	-	-	5
G.	തൻവർഷം അനുവദിക്കപ്പെട്ടവർ	-	-	-	-	-
H.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	-	-	-	-	-
I.	വർഷാവസാനം ഉള്ള പെൻഷൻകാർ (F + G) - (H)	4	1	-	-	5

B) പെൻഷൻ വിതരണവിവരം: ഓഡിറ്റ് വർഷം കണ്ടിജന്റ് പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 6,19,272 രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	ചെക്ക് നം./തീയതി	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
04/2024	701990/ 11.4.24	35,620	15,986	-	-	51,606	51,606 11.4.24
05/2024	660375/	38,540	16,785	-	-	55,325	55,325

	3.5.24						3.5.24
06/2024	660437/ 4.6.24	36,540	16,285	-	-	52,825	52,825 4.6.24
07/2024	287654/ 6.7.24	36,540	16,285	-	-	52,825	52,825 6.7.24
08/2024	954024/ 1.8.24	36,540	16,285	-	-	52,825	52,825 1.8.24
09/2024	954091/ 4.9.24	36,540	16,285	-	-	52,825	52,825 4.9.24
10/2024	210202/ 30.9.24	36,540	16,285	-	-	52,825	52,825 1.10.24
11/2024	384921/ 2.11.24	37,920	16,733	-	-	54,653	54,653 2.11.24
12/2024	384997/ 2.12.24	37,920	16,733	-	-	54,653	54,653 2.12.24
01/2025	780085/ 3.1.25	37,920	16,733	-	-	54,653	54,653 3.1.25
02/2025	075052/ 5.2.25	37,920	16,733	-	-	54,653	54,653 5.2.25
03/2025	JH7070786/ 1.3.25	37,920	16,733	-	-	54,653	54,653 1.3.25
ആകെ		**4,46,460**	**1,97,861**	**-**	**-**	**6,44,321**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്" എന്ന പേരിൽ തൊട്ടടുത്തുള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ മാസവും ഓരോ കണ്ടിജന്റ് ജീവനക്കാരന്റേയും വേതനത്തിന്റെ 15% വരുന്ന തുക ഈ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് ചട്ടം 7(2). എന്നാൽ മരട് നഗരസഭയിൽ ഇത്തരത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് (നം.747600110000011 പഞ്ചാബ് നാഷണൽ ബാങ്ക്, മരട്) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്.

D) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

ഇനം	തുക	വൗച്ചർ നം.
തൽവർഷം പുതിയതായി പെൻഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിൽ ചെലവില്ല.		

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പ്രവൃത്തികൾ പൂർണ്ണമായും ചെയ്യാതെ തുക നൽകിയത് - അധിക ചെലവ് 5600/-

അംഗൻവാടി നമ്പർ 26 ന്റെ മുകളിലെ നില ഇലക്ട്രിഫിക്കേഷൻ ഡിവിഷൻ - 29 എന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പ്രകാരം പ്രോജക്ട് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട.

നിർവഹണോദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ
പ്രൊജക്ടിന്റെ പേരും നമ്പരും	അംഗൻവാടി നമ്പർ 26-ന്റെ മുകളിലെ നില ഇലക്ട്രിഫിക്കേഷൻ ഡിവിഷൻ-29 എസ്0479/25
അടങ്കൽ	₹100000/-
ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക /ചെക്ക് നമ്പർ	₹94526/-, 780061/24.12.2024
കരാറുകാരൻ, കരാർ നമ്പർ/ തീയതി	എബി അബ്രാഹാം പി.ജെ. 120/15.03.2024

പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ(24.01.2026) ഇ.എംബുക്കിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരമുള്ള അളവുകൾ പൂർണ്ണമായും ചെയ്തിട്ടില്ല എന്നാ കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ (ഇ.എംബുക്കിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം)	ഇനം	നിരക്ക് (ഒന്നിന്)	എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്	പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അളവ്	അളവിലുണ്ടായ കുറവ്	അധികം നൽകിയ തുക
1.001	90.2.1.1 Single Control Light Point With 6A Plate Ceiling Rose Short Point	1000	9 എണ്ണം	8	1 എണ്ണം	1000
1.013	90.15.4.2 Supply, Conveyance, Installation Testing And Commissioning Of 36/40 W LED Street Light Output Greater Than 105 Lumen.....	4600	1	0	1	4600

മേൽ സൂചിപ്പിച്ച ഇലക്ട്രിക്കൽ വർക്കിന് അളവ് എടുത്തിരിക്കുന്നതും ബിൽ തയ്യാറാക്കിയിരിക്കുന്നതും ഡി.എൽ.റ്റിസി യിലെ മെമ്പറായ ശ്രീ.എം.ആർ ഉദയമോനവും ചെക്ക് മെഷർ ചെയ്തിരിക്കുന്നത് എറണാകുളം ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയറായ ശ്രീ അബ്രാഹാം കെ.എ.യുമാണ്. മേൽ സൂചിപ്പിച്ച അപാകത്തിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47/27.01.2026) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത വേലക്ക് അധികമായി നൽകിയ 5600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക, കരാറുകാരനിൽ നിന്ന് പൂർണ്ണമായോ ഈ പ്രവൃത്തിയുടെ അളവെടുക്കുകയും തുക ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും ഭാഗികമായോ ഈടാക്കേണ്ടതാണ്.

3-2 പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് - അധിക ചെലവ് - 13496/-.

പ്രിയദർശിനി ഹാൾ നവീകരിച്ച് പൂർത്തിയാക്കുന്നതിന് വേണ്ടി താഴപ്പറയുന്ന പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

നിർവഹണോദ്യോഗസ്ഥൻ	അസിസ്റ്റൻറ് എഞ്ചിനീയർ
പ്രോജക്ടിന്റെ പേരും നമ്പരും	പ്രിയദർശിനി ഹാൾ നവീകരണം പൂർത്തീകരണം എസ്0396/25
അടങ്കൽ	₹1300000/-
ഫണ്ട്	തനത് ഫണ്ട്
ചെലവ് തുക /ചെക്ക് നമ്പർ	₹1300000/-, 210176/23.09.2024
കരാറുകാരൻ, കരാർ നമ്പർ/ തീയതി	ഷജീർ, 103/07.03.2024

പ്രോജക്ട് പരിശോധനയുടെ ഭാഗമായി 24.01.2026-ൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ പ്രവൃത്തിയിലെ ഒരിനത്തിന്റെ അളവുകൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ചെയ്തിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ (ഇ.എംബുക്കിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം)	ഇനം	നിരക്ക് (ഒന്നിന്)	എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്	പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അളവ്	അളവില്ലുണ്ടായ കുറവ്	അധികം നൽകിയ തുക
2.0005	OD25111/2024-2025 Supplying And Fitting Stainless Steel (Grade 304) 3D LETTERING Malayalam Of Size 10-15 Vm, 20-30 Mm Projection Etc. Complete As Per Direction Of Engineer In Charge At Site	749.78	18 എണ്ണം	ഇല്ല	18 എണ്ണം	13496.04

മേൽ സൂചിപ്പിച്ച അപാകം ശ്രദ്ധയിൽപെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(47/27.01.2026) മറുപടി ലഭ്യമാക്കിയില്ല.മേൽ സൂചിപ്പിച്ച അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 15.06.2024-ലാണ് (അസി.എഞ്ചിനീയർ- ശ്രീ.ബിജു എം.കെ, ചെക്ക് മെഷർ

ചെയ്തിരിക്കുന്നത്- ശ്രീമതി മണ്ണുബാല കെ.ടി.,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ). ചെയ്യാത്ത വേലക്ക് അനുവദിച്ച തുകയായ 13496/- രൂപ തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്ന് പൂർണ്ണമായോ അളവെടുത്ത അസിസ്റ്റൻറ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്സ്ടാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്സ്ടാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
38	₹1,78,000	₹1,40,000	₹38,000	മെയ് 2025 ൽ ഒടുക്കുവാനുണ്ട്

* 38 ജീവനക്കാർ X ₹500 X 2 മാസം = ₹38,000

36 ജീവനക്കാർ X ₹500 X1 മാസം = ₹18,000

31 ജീവനക്കാർ X ₹500 X1 മാസം = ₹15,500

22 ജീവനക്കാർ X ₹500 X3 മാസം = ₹33,000

21 ജീവനക്കാർ X ₹500 X 7 മാസം = ₹ 73,500

₹1,78,000

കുറിപ്പ്-എ) 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക ഏപ്രിൽ മാസം ഒത്തുചേർന്നാണ് അടവാക്കിയിട്ടുള്ളത് (22 X ₹500 X 3 Months= ₹33,000)

ബി) ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.04.2024 മുതൽ 30.06.2024 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല					

3. മെഡിസെപ് പ്രീമിയം അടക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ അടക്കിയ തുക	അടക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

4. മെഡിസെപ് പ്രീമിയം അടക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ അടക്കിയ തുക	അടക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.08.2024മുതൽ 31.03.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല.					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25 ലെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത്		

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-4 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ, തീയതി	മുൻകൂർ നൽകിയ തുക(₹)	ചെലവഴിച്ച തുക(₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹)
1	വാട്ടർ അതോറിറ്റി	വളന്തകാട് ദ്വീപിലേയ്ക്ക് കുടിവെള്ള പദ്ധതി	P-M071100-24000826 /15.11.2024	16,40,000	0	0
2	കെ.എസ്.ഇ.ബി	തിരുദേശ റോഡിൽ കേബിൾ വർക്ക്	P-M071100-24001071 /30.01.2025	4,33,564	4,33,564	0
3	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-25	P-M071100-24001073 /30.01.2025	49,716	49,716	0

4	കെ.എസ്.ഇ.ബി	കൈതമനപാടം റോഡ് പോസ്റ്റ് സ്ഥാപിക്കൽ	P-M071100-24001126 /11.02.2025	43,210		43,210	0
5	കെ.എസ്.ഇ.ബി	കാട്ടിത്താറ റോഡ് പോസ്റ്റ് സ്ഥാപിക്കൽ	P-M071100-24001172 /17.02.2025	36,070	36,070		0
6	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-32	P-M071100-24001188 /20.02.2025	6213	6213		0
7	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-2	P-M071100-24001187 /20.02.2025	30,815	30,815		0
8	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-3	P-M071100-24001195 /24.02.2025	24,259	24,259		0
9	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ ഇൻസ്റ്റലേഷൻ വാർഡ്-1	P-M071100-24001204 /25.02.2025	77,590		77,590	0
10	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-32, 33	P-M071100-24001210 /27.02.2025	1,65,773	1,65,773		0
11	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-1	P-M071100-24001215 /28.02.2025	79,136	79,136		0
12	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-12	P-M071100-24001226 /04.03.2025	76,778	76,778		0
13	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-5	P-M071100-24001246 /07.03.2025	54,697	54,697		0
14	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-19	P-M071100-24001308 /18.03.2025	26,388	26,388		0
15	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-5	P-M071100-24001303 /18.03.2025	15,654	15,654		0
16	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-17	P-M071100-24001294 /18.03.2025	42,389	42,389		0
17	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-28	P-M071100-24001312 /18.03.2025	29,378	29,378		0
18	കെ.എസ്.ഇ.ബി	AB കേബിൾ ലൈൻ	P-M071100-24001309	38,306	38,306		0

		വാർഡ്-9	/18.03.2025			
19	കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് &ലൈൻ എക്സ്റ്റൻഷൻ വാർഡ്-24	P-M071100-24001344 /27.03.2025	1,14,385	1,14,385	0
20	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-31	P-M071100-24001343 /27.03.2025	67,194	-	67,194
21	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-29	P-M071100-24001368 /28.03.2025	1,62,772	-	1,62,772
		ആകെ				18,69,966

2024-25 AFS പ്രകാരം 3214287/- രൂപയാണ് ക്രമീകരിക്കുവാൻ അവശേഷിച്ചിരുന്നത്.

ക്രമ നം. 2 മുതൽ 19 വരെയുള്ള പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം 24/01/26 ൽ ലഭ്യമായിട്ടുണ്ട്. (AE/ES/MDU/2025-26/118). അവശേഷിക്കുന്ന പ്രവൃത്തികളുടെ (ക്രമ നം. 1, 20, 21) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൽവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ (₹)	പലിശ	
പി.എം.എ.വൈ	ജി.ഒ(ആർ.ടി) നം.105/2019/ ഫിൻ/ തീയതി.01.08.2019 ജി.ഒ(ആർ.ടി) നം.10500/2019/ ഫിൻ/ തീയതി.21.12.2019	8640000	1,56,93,332	15,60,000	0	1,41,33,332

*ജി.ഒ പ്രോജക്ട് ചെലവ്

1)(₹)7,33,333+7,33,334 = 14,66,667(ലൈഫ് വായ്പ ജനറൽ)

2)(₹)46,666+46,667= 93,333 (ലൈഫ് വായ്പ-എസ്.സി.പി)

4-7 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹44,77,242
തൽവർഷം നിക്ഷേപിച്ച തുക	₹3,59,694 (പലിശ)
ആകെ	₹48,36,936
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹48,36,936

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ

1) മരട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

തുക-₹4024642/-, (നിക്ഷേപ രസീത് നം/തീയതി-0050723/27.04.22)

2) എസ്.ബി.ഐ, മരട്

തുക-₹8,12,294/-, (അക്കൗണ്ട് നം-67271219027)

ആകെ-₹48,36,936/-രൂപ

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തീയതി	ഹെഡ് ഓഫ് അക്കൗണ്ട്
2019-20	1-29	₹2538	വിൻസൺ സിജെ പ്രോജക്ട് ഓഫീസർ	R-M071100-24004344/ 14.06.24	3502018
		₹5000	ജെ.എം	R-M071100-24004344/ 14.06.24	"
		₹20750	ടോം നിക്കോൾസൺ	R-M071100-24018054/ 17.01.25	"
		₹10000	ജോർജ് മേജോ	R-M071100-24018056/ 17.01.25	"
		₹4000	ദിവ്യ പോൾ	R-M071100-24018048/ 17.01.25	"
ആകെ		₹42288			

നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ 2538/- രൂപ ഒഴികെയുള്ള തുകകൾ ഏത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആരിൽ നിന്ന് ഈടാക്കിയതാണെന്ന വിവരങ്ങൾ ലഭ്യമായില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	35	2000-01	IV7(62)	--	ലഭ്യമാക്കിയിട്ടില്ല
1998-99	28	2004-05	III 7(1)	--	ലഭ്യമാക്കിയിട്ടില്ല

4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹27,94,69,454
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹20,98,34,620
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക	₹19,096
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക	₹65,64,779

(ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	-	₹5600	1)ശ്രീ. അബ്രഹാം കെ.എ. മെമ്പർ, ഡി.എൽ.റ്റി.സി 2)ശ്രീ എം.ആർ ഉദയഭാനു, ഇലക്ട്രിക്കൽ പ്ലാനിങ് എഞ്ചിനീയർ, ജില്ല പഞ്ചായത്ത്
3-2		₹13496	1)ശ്രീ. ബിജു.എം.കെ. അസിസ്റ്റൻറ് എഞ്ചിനീയർ 2)ശ്രീ .മണ്ണുമ്പാല കെ.റ്റി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
ആകെ	-	₹19,096	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക

ഖണ്ഡിക നമ്പർ	ഇക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18-1	₹61,000/-	ശ്രീ. നാസിം ഇ., സെക്രട്ടറി
1-25	₹10,00,000/-	ശ്രീമതി ഫെമിത വി. കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-26	₹2,04,183	ശ്രീ.നാസിം ഇ., സെക്രട്ടറി
1-27	₹16,40,000/-	ശ്രീ.നാസിം ഇ., സെക്രട്ടറി
1-28-1	₹2,85,134	ഡോ. സൗമ്യ എസ്., മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) വളന്തക്കാട്
1-28-2	₹11,80,661	ഡോ. ശ്രീകുമാരി ബി. എസ്, മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) നെട്ടൂർ
1-30	₹1,16,899	ശ്രീമതി ശശികല പി ആർ , മുനിസിപ്പൽ എൻജിനിയർ
1-33	₹18,46,936	ശ്രീമതി ശശികല പി ആർ , മുനിസിപ്പൽ എൻജിനിയർ
1-35	₹2,29,966	ശ്രീ.നാസിം ഇ., സെക്രട്ടറി
ആകെ	₹65,64,779	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന്/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽ വിലാസം
1	ശ്രീമതി ശശികല പി ആർ , മുനിസിപ്പൽ എൻജിനിയർ	മുനിസിപ്പൽ എൻജിനിയർ, മരട് നഗരസഭ	ശിവശക്തി ഹൗസ്, ലാക്കാട്ടൂർ പി.ഒ കോട്ടയം
2	ഡോ. ശ്രീകുമാരി ബി. എസ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി, നെട്ടൂർ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, നെട്ടൂർ	5A,സ്റ്റൈലൈൻ ബിലയർ പനമ്പിള്ളി നഗർ കൊച്ചി-36
3	ഡോ.സൗമ്യ എസ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വളന്തക്കാട്	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വളന്തക്കാട്	തെക്കേപുരക്കാട്ട് ഹൗസ് ടി.കെ.ഷൺമുഖൻ റോഡ് മരട് പി.ഒ, എറണാകുളം
4	ശ്രീ നാസിം ഇ സെക്രട്ടറി	സെക്രട്ടറി മരട് നഗരസഭ	നിലാവ്, ചെല്ലമംഗലം, അക്കരവിള, പൗഡികോണം പി ഒ, തിരുവനന്തപുരം-695588
5	ശ്രീമതി ഫെമിത വി. കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മരട് നഗരസഭ	വാഴക്കാല ഹൗസ്, തൃക്കാക്കര പി.ഒ കാക്കനാട്, എറണാകുളം
6	ശ്രീ.ബിജു എം.കെ, അസിസ്റ്റൻറ് എഞ്ചിനിയർ	മുനിസിപ്പൽ എൻജിനിയർ, കരുനാഗപ്പള്ളി നഗരസഭ	മണി മന്ദിരം, ഇടകുളങ്ങര, കൊല്ലം
7	ശ്രീമതി. മഞ്ജുബാല കെ.റ്റി	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	സൗപർണ്ണിക, ബൈലെയ്ൻ 2, അക്കാട്ടലെയ്ൻ തോട്ടക്കാട്ടുകര, ആലുവ-683108
8	ശ്രീ.അബ്രാഹാം കെ.എ.	പ്ലാനൽ എഞ്ചിനീയർ, ഇലക്ട്രിക്കൽ വിഭാഗം, ജില്ലാ പഞ്ചായത്ത്, എറണാകുളം	കിളിച്ചുമലയിൽ , മണക്കാട് പി.ഒ. തൊടുപുഴ-685608
9	ശ്രീ.എം.ആർ.ഉദയഭാനു	മെമ്പർ, ഡി.എൽ.റ്റി.സി.	ഉഷസ്സ്, രാമപുരം പി.ഒ,കോട്ടയം-686576

4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ

	കത്തിടപാടിന്റെ വിവരം
1980-81	
1982-83	
1983-84	
1984-85	
1986-87	എൽ.എഫ്.ഇ.(പി.4)1468, 26.10.1995
1987-88	
1988-89	
1990-91	
1991-92 & 1992-93	എൽ.എഫ്.ഇ.(പി.4)1025/94, 9.2.1996
1993-94	എൽ.എഫ്.ഇ.(പി.3)556/96, 17.5.1998/7.1.99
1996-97	എൽ.എഫ്.ഇ.(പി.3)160/96, 17.5.98/7.1.99
1997-98	എൽ.എഫ്.ഇ.(പി.4)691/2000, 18.10.2000
1998-99	എൽ.എഫ്.ഇ.(പി.6)1010/05, 21.7.06 /7.10.06
1999-2000	എൽ.എഫ്.ഇ.(പി.6)1011/05, 21.7.06/ 7.10.06
2000-01	എൽ.എഫ്.ഇ.(പി.6)1005/05, 22.7.2006
2001-02	എൽ.എഫ്.ഇ.(പി.7)1818/06, 3.11.07/15.1.08
2002-03	എൽ.എഫ്.ഇ.(പി.7)1819/06, 3.11.07/31.1.08
2003-04	എൽ.എഫ്.ഇ.(പി.7)1820/06, 3.11.07/15.1.08
2004-05	എൽ.എഫ്.ഇ.(പി.8)785/09, 9.3.10/11.6.10
2005-06	എൽ.എഫ്.ഇ.(പി.8)786/09, 9.3.10/11.6.10
2006-07	എൽ.എഫ്.ഇ.(പി.8)1342/09, 9.3.10/11.06.10
2007-08	എൽ.എഫ്.ഇ.(പി.8)140/10, 6.11.10/4.1.11
2008-09	എൽ.എഫ്.ഇ.(പി.8)141/10, 6.11.10/7.3.11
2009-10	എൽ.എഫ്.ഇ.(പി.8)1860/10, 2.5.11/4.8.11
2010-11	എൽ.എഫ്.ഇ.(എം.1)1863/12, 20.6.12/11.7.12
2011-12	എൽ.എഫ്.ഇ.(എം.1)1100/14, 13.1.15/17.1.15
2012-13	എൽ.എഫ്.ഇ.(എം.1)883/15 , 14.07.2015
2013-14 & 2014-15	കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016,20.07.2016
2015-16	കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17, 8.2.17
2016-17	കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17, 19.09.17
2017-18	കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19, 23.03.19
2018-19	കെ.എസ്.എ.- ഇ.കെ.എം.(എം.1)1968/19,06.03.19
2019-20	കെ.എസ്.എ.- ഇ.കെ.എം.(എം.1)316/22,05.07.22
2020-21	കെ.എസ്.എ.- ഇ.കെ.എം.(എം.1)1331/22, 16.08.22
2021-22	കെ.എസ്.എ.- ഇ.കെ.എം.(എം.1)2131/22, 25.04.2023
2022-23	കെ.എസ്.എ.- ഇ.കെ.എം.(എം.1)81/24, 20.03.2024
2023-24	കെ.എസ്.എ.- ഇ.കെ.എം.(എം.1)31/25, 27.03.2025

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Maradu Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Maradu Municipality as on 31-03-2025

Date: 17/03/2026

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Maradu Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Notes to Accounts and Basic ratios to be included in the annual financial statements vide Kerala Municipality (Accounts) Rules 2007, rule 58(e) and 58(f) respectively are not included.

2. Asset details not furnished for the Capital Expenditure from Maintenance grant Road and Non road.
3. Grant Expenditure in AFS and Sulekha Statement do not match with each other.
4. Discrepancy in CFC Grant Accounting.
5. License fee accounted in wrong head.
6. Social Security Pensions are not accounted in AFS.
7. Details of Liability of Rs 19,39,595/- not produced.
8. Income wrongly included in Unauthorised Debt Head not adjusted.
9.Details of Cheque deposited but not collected is not produced.
10. Medisep- premium recovery and remittance details in AFS did not match with Cash book.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്